Registered No. M-4485

Madras War Review, Malayalam—6-7-1945

# യുദ്ധസഞ്ചിക

വോള്യം IV] മദിരാശി: 1945 ജൂലായി 6-ാംനു, വെള്ളിയാഴ്ച [ലക്കം 42



## യോജിച്ച പ്രവൎത്തനം

ബൎമ്മയിൽനിന്നു മുഴുവനും തന്നെ ജാപ്പാൻകാരെ ആട്ടിത്തുരത്തിക്കഴിഞ്ഞ ഈ സന്ദൎഭത്തിൽ, ഈ വിജയത്തെ സാദ്ധ്യമാക്കുന്നതിനു നിങ്ങളുടെ കമാണ്ടിൻ കീഴിലുംപ്പെട്ട എല്ലാ ഭടന്മാരും ചെയ്യ മഹനീയ സേവനത്തിൽ എനിക്കുള്ള മതിപ്പിനെ താങ്കളെ അറിയിക്കട്ടെ.

എന്തെല്ലാം വിഷമതകളുണ്ടായിരുന്നിട്ടും, അതൊന്നും കൂട്ടാക്കാതെ, ഞങ്ങളുടെ ആവശ്യങ്ങളെ നിറവേററുന്നതിനു നിങ്ങാം ശ്രമിച്ചു. എല്ലാവരുടേയും യോജിച്ച പ്രവൎത്തനംമൂലമാണു് ഇക്കാൎയ്യം സാധിച്ചതെന്നു് എനിക്കു് തികച്ചും ബോദ്ധ്യമുണ്ടു്.

—എസ്. സി. എ. സി. സുപ്രിം കമാണ്ടർ ലൂയി മൌണ്ട് ബാററൻ പ്രഭു, 1945 ജൂലായി 2-ാംനു, ഇന്ത്യൻ സൎവ്വസൈന്യാധിപന്നയച്ച ഒരു കത്തിൽനിന്നു്

# എപ്പോഴാണ് അവസാനിക്കുക?

എല്ലാവരും എന്നോടു ചോദിക്കുന്ന, 'ഇതെപ്പോഴാണ് അവസാനിക്കുക?' ഞാനെപ്പോഴും അതിന്നു പറയാറുള്ള മറുപടിയിതാണ്: നിങ്ങൾ എത്ര കിണഞ്ഞു പ്രവർത്തിക്കുന്നുവോ, പൊരുതുന്നുവോ അതനുസരിച്ചാണ് ഇക്കാര്യമിരിക്കുന്നത്. ജപ്പാനെ മുട്ടുകുത്തിക്കാൻ എന്നു നമുക്കു സാദ്ധ്യമാകുന്നുവോ അത്ര വേഗത്തിൽ അവസാനിക്കും.

—അഡ്മിറൽ സർ ബ്രൂസ് ഫ്രാസർ, ബ്രിട്ടീഷ് പാസഫിക് ഫ്ളീററിന്റെ സർവ്വസൈന്യാധിപൻ ജൂൺ 24-ാംനു സിഡ്നിയിൽവെച്ചു ചെയ്ത ഒരു പ്രസംഗത്തിൽ.

## ജപ്പാന്നുള്ള 'സംഭാവന'

ജർമ്മനി കൊണ്ടതിലും, കനത്ത ബോമ്പേറുകളാണ് ജപ്പാന്നു കിട്ടാനിരിക്കുന്നത്. അമേരിക്കൻ, വിമാന സേനയ്ക്കു ഉന്നങ്ങൾ ജപ്പാനിൽ ദുർല്ലഭമായിത്തുടങ്ങിയിരിക്കുന്നു.

—ജനറൽ ആർനോൾഡ്, പസഫിക് രംഗത്തിലെ അമേരിക്കൻ വിമാനസേനാധിപൻ ഒക്കിനാവയിൽ ചെയ്ത ഒരു പ്രസംഗത്തിൽ.

"പൌരസ്ത്യദേശത്തെ രോഗി"

ഇന്നു സുഖപ്പെട്ടെഴുന്നല്ക്കുന്നു.

# ഉണരുന്ന ചൈന

(കെ. ജി. രാമൻ നായർ)

ഏഴെട്ടു കൊല്ലമായി ചൈന ജാപ്പ സാമ്രാജ്യാധിപത്യത്തിന്നെതിരായി പടവെട്ടാൻ തുടങ്ങിയിട്ട്. ലോകത്തിലെ നാലിലൊരു ഭാഗം ജനതകളുടെ നിവാസഭൂവായ ചൈനയിലെ ഒരു വമ്പിച്ച വിഭാഗം ഇന്നും ജാപ്പ പ്രഭുത്വത്തിന്റെ ചവിട്ടടിയിൽ കിടന്നു ഞെരുങ്ങുന്നു. എന്നാലും ചൈനീസ് ജനതയുടെ പ്രതികാര മനോഭാവത്തിനും, ആക്രമണത്തെച്ചെറുക്കുന്നതിന്നുള്ള മനോധൈര്യത്തിനും അണുപോലും ക്ഷതം പററിയിട്ടില്ല. അതിന്നുള്ള പ്രധാന ലക്ഷ്യം ചൈന ഇന്നും കീഴടങ്ങിയിട്ടില്ല എന്നതാണ്.

താരതമ്യേന സൈനികമായി പരിചയം ലഭിക്കാത്ത കൃഷക പ്രധാനമായ ഒരു രാജ്യമത്രേ ചൈന. ചൈനയുടെ സാമൂഹ്യരീതിയും ജനതയുടെ വികാസവും ഇന്ത്യയേക്കാൾ താഴ്ന്ന തരത്തിലാണ്. എന്നിട്ടും ഇത്ര പട്ടുക്കുറവും, വൈയവസായിക വികാസത്തിൽ ഒരു വൻകിട രാഷ്ട്രവും തികച്ചും സായുധവുമായ ഒരു ശക്തിയോടു മല്ലടിച്ചു നില്ക്കുവാൻ ചൈനയ്ക്കു എങ്ങിനെ സാധിച്ചു?

ചൈന വളരെ വൈകിയാണ് ഉണർന്നത്. കൺഫ്യൂഷ്യസ്സിന്റെയും, തായോവിന്റെയും, ബുദ്ധന്റെയും, തത്വങ്ങളെ അയവിറക്കി, വിശറികളും വിഞ്ഞാണങ്ങളും നിർമ്മിച്ചു, കറുപ്പും തിന്നു അവർ അങ്ങിനെ കഴിഞ്ഞുകൂടി. തുടരെത്തുടരെയുണ്ടായ യുദ്ധപ്രഭുക്കന്മാരുടെ കവർച്ച—അതു മന്നു ചൈനയിലെ ഒരു നിത്യസംഭവങ്ങളിലൊന്നുമാത്രമായിരുന്നു—മാത്രമേ അവർക്കു ഭയപ്പെടേണ്ടതുണ്ടായിരുന്നുള്ളു. എന്നാൽ ജീവിതത്തോടുള്ള ഈ അലസമനോഭാവം—തത്വശാസ്ത്രങ്ങൾ ചവച്ചിറക്കി കഴിഞ്ഞുകൂടുന്ന ആ ജീവിതരീതി—അവർക്കും മാറേറണ്ടിവന്നു.

പാശ്ചാത്യപരിഷ്കാരത്തിന്റെ സൌരഭം വിദൂരപൌരസ്ത്യദേശത്തിലും പരക്കാതിരുന്നില്ല. ചൈനയിലേയ്ക്കു കച്ചവടത്തിന്നായി വന്ന വിദേശിയരാണ് ഇതിന്നു ഉത്തരവാദികൾ. മാത്രമല്ല, ജാപ്പാന്റെ വളർച്ചയും, ചൈനയെ ഒന്നു കണ്ണു തുറപ്പിച്ചു.

ഈ നവോത്ഥാനത്തിന്റെ നേതാവായി സൂൺയാററ്സൺ—സൂൺയാററ്സൺ ചൈനയുടെ പഴഞ്ചൻ സംസ്കാരത്തേയും പാരമ്പര്യത്തേയും വെട്ടിമുറിച്ചു പുതുമയും, ഐക്യവും, സ്വാതന്ത്ര്യവും ചൈനയിൽ സ്ഥാപിക്കുന്നതിന്നു ശ്രമിച്ച ഒരു മഹാനത്രേ. "ആധുനിക ചൈനയുടെ പിതാവു" എന്ന അപരനാമധേയത്താലാണ് അദ്ദേഹത്തെ അറിയപ്പെട്ടുവരുന്നത്.

ചൈനയിലെ സാംസ്കാരികനില പ്രായേണ വളരെ താഴ്ന്നതാണ്. ചൈന തത്വജ്ഞാനികൾക്കും കവികൾക്കും പേർകേട്ട ഒരു രാജ്യമാണെങ്കിൽ കൂടി, തികഞ്ഞ ജനകീയത്വം ചൈനയിൽ അധിഷ്ഠിതമാകാത്തതിനാൽ ആ വക സിദ്ധികൾ തികച്ചും പ്രചുരപ്രചാരമായിട്ടില്ല. മാത്രമല്ല, വ്യവസായിക പുരോഗമനവും അവിടെ വന്നെത്തിയിട്ടില്ല. മദ്ധ്യകാലത്തെ ചിന്താരീതിയുടെ അവശിഷ്ടങ്ങൾ ഇന്നും അവിടെ നിലനിന്നുവരുന്നു. ഈ പഴമയുടെ നാറിപ്പുളിച്ച ശവങ്ങളെ തോണ്ടി ശാന്തസമുദ്രത്തിലേക്കു തള്ളിയെറിയുന്നതിന്ന് സൂൺയാററ്സൺ ശ്രമിച്ചുവെങ്കിലും, ആ സംരംഭങ്ങൾ പരിപൂർണ്ണ വിജയത്തിലെത്തും മുമ്പു അദ്ദേഹം മൃതിയടഞ്ഞു.

ആധുനിക ജീവിതരീതി ഇന്നും ചൈനയിൽ കൈവന്നു കഴിഞ്ഞിട്ടില്ല. ചൈനീസ് കൃഷിക്കാരൻ ഇന്നും പഴയ കലപ്പ ഉപയോഗിച്ചു തന്നെ ഉഴുതുവരുന്നു. ആയാൾ തേവി നനക്കുന്നതും പഴയ തുലാംവെച്ചാണ്. ആ കൃഷിക്കാരന്റെ ഭാര്യ വിശറിയുണ്ടാക്കിയും, ചെറിയ പാത്രങ്ങളുണ്ടാക്കിയും കഴിയുന്നു. കുടിൽ വ്യവസായദശ ചൈന അതിജീവിച്ചു കഴിഞ്ഞിട്ടില്ല, അതാണ് ചൈനയുടെ ശക്തിക്കുറവ്.

എത്ര മികച്ച യന്ത്രങ്ങൾകൊണ്ടും, ഒരു ജനതയെ പാരമ്പര്യവും പഴക്കവുമുള്ള ഒരു രാജ്യത്തെ അടിച്ചമർത്താൻ സാദ്ധ്യമല്ലെന്നു ചൈന തെളിയിക്കുന്നു. അതോടൊപ്പം തന്നെ കൃത്രിമമായ ദേശീയൈക്യത്തിന്റെ പരിധി എത്രമാത്രമാണെന്നും കാണിച്ചു തരുന്നു. സൂക്ഷിച്ചു നോക്കിയാൽ ചൈന ഇന്ത്യയേക്കാൾ വളരെ താണപടിയിലാണ് ഇന്നു കിടക്കുന്നതെന്നു നമുക്ക് കാണ്മാൻ സാധിക്കും. "പൌരസ്ത്യദേശത്തെ രോഗി" എന്ന പേരിൽ അറിയപ്പെട്ടുവരുന്ന ചൈന ഇന്നു ലോകത്തിലെ ഒരു പ്രശ്നം തന്നെയാണ്. ജാപ്പാൻ ചൈനയിൽ ഒട്ടുമുക്കാലും പ്രദേശങ്ങൾ പിടിച്ചടക്കിയിട്ടുണ്ട്. വാങ്ങ് ചിങ്ങ്‌വേപോലെ അനവധി അഞ്ചാം പത്തിക്കാർ ജാപ്പുകൾക്കു അവിടെ കരുക്കളായി കിട്ടീയിട്ടുണ്ട്. കൂടാതെ ചൈനയിലെ സാമ്പത്തിക സ്ഥിതിയും, ഭക്ഷ്യപ്രശ്നവും ഏററവും മോശമാണ്. സ്വതന്ത്ര ചൈനയിൽത്തന്നെ മത്സരവും, അനൈക്യവും കാണപ്പെടുന്നു.

എന്നാൽ ജപ്പാൻ ചൈനയിലേക്കു കടന്നപ്പോൾ ചൈനക്കാർക്കു സ്ഥിതിഗതികളും നിലതികച്ചും മനസ്സിലായി. 'കാളവണ്ടിപ്പരിഷ്കാരം' കൊണ്ടു അത്ര കാര്യമില്ലെന്നവർക്കും ബോദ്ധ്യപ്പെട്ടു. പക്ഷെ അപ്പോഴേക്കും സമയം വൈകിപ്പോയി.

ഒരു ആധുനിക രാഷ്ട്രത്തിന്നു വേണ്ടതികവുകളെല്ലാമില്ലാതിരുന്നിട്ടുംകൂടി യുദ്ധകാലത്തു ചൈനയിലുണ്ടായ ഉണർവ്വും ഉന്മേഷവും സുപ്രസിദ്ധമാണ്. അഭ്യന്തരകലഹങ്ങളുടേയും, ചരിത്രങ്ങളുടെയും പേർകേട്ട ആ നാട്ടിൽ ജപ്പാനാക്രമണം ഐക്യം സൃഷ്ടിച്ചു. കമ്മ്യൂണിസ്റ്റ്—ചിയാങ്ങ് കുഴപ്പങ്ങൾ എത്രതന്നെയായാലും ശരി, ഇരുകക്ഷിയും ജാപ്പാനെ എതൃക്കുന്നതിൽ സദാ ബദ്ധശ്രദ്ധരും ജാഗ്രൂകരുമാണ്.

പക്ഷെ ഒന്നു തീർച്ചയാണ്: ജപ്പാൻ താമസിയാതെ ചൈനയിൽനിന്നു ഓടിക്കപ്പെടും, സഖ്യസേനകൾ താമസിയാതെ ആ കൃത്യം നിർവ്വഹിക്കുന്നതായിരിക്കും. പക്ഷെ അതിന്നു മുമ്പു തന്നെ ചൈനയുടെ രാഷ്ട്രീയ പ്രശ്നം തീർക്കേണ്ടതുണ്ട്. ക്വമിൻറാങ്ങ് ഇന്നു ഒരു കുടുംബസ്വത്താണെന്നും ജനങ്ങളെ പ്രതിനിധീകരിക്കുന്നില്ലെന്നും കമ്മ്യൂണിസ്റ്റുകൾ ആക്ഷേപിക്കുമ്പോൾ, കമ്മ്യൂണിസ്റ്റുകാർ വെറും ഫലിതക്കാരും വെടിപറയുന്നവരുമാണെന്ന് ക്വമിൻറാങ്ങുകാരും പറയുന്നു. കമ്മ്യൂണിസ്റ്റുകൾ പണ്ടു ചെയ്ത തെററുകളും വിഡ്ഢിത്തങ്ങളും എത്ര ഭീമമായിരുന്നാലും ശരി, അവർ ചൈനീസ് സമരത്തിൽ വഹിക്കുന്ന പങ്കു എത്രമാത്രമാണെന്ന് ചൈനയുടെ ചരിത്രം അറിയുന്നവർക്കു നിശ്ചയമുണ്ട്. അവർ ചെയ്ത പാതകങ്ങൾ ഇന്നത്തെ ചൈനയുടെ ദുരിതത്തിന്നു ഏറെക്കുറെ കാരണമാണെങ്കിലും, യെനാനിലിരുന്ന് ഒളിപ്പടന്മാരെയും ഗറില്ലകളേയും, എയ്ത്ത്റൂട്ട് സേനയേയും നയിക്കുന്ന ആ നേതാക്കന്മാർ തീർച്ചയായും ചൈനയ്ക്കു ഒരനുഗ്രഹമാണ്. ചുങ്കിങ്ങിലെ ഗവർമ്മെണ്ടിന്റെ ജനകീയസ്വഭാവം കൂടുതൽ വിപുലീകരിച്ചു, വിഭിന്നാഭിപ്രായക്കാർ തമ്മിൽ ഒരൈക്യമുന്നണി നിർമ്മിച്ചു ജപ്പാന്നെതിരായി പൊരുതേണ്ടതാണ്.

ഇപ്പോഴത്തെ ചൈനീസ് പ്രധാനമന്ത്രി മി. ടി. വി. സൂങ്ങ് ഇതിന്നുവേണ്ട പ്രാരംഭ പര്യാലോചനകൾ ചെയ്യുന്നതിന്നുവേണ്ടി മോസ്കോവിലേക്കു പോയിട്ടുണ്ട്. മി. സൂങ്ങ് ഒരു ജനകീയവാദിയാണെന്ന് എല്ലാവർക്കും അറിയാം. ആത്മാർത്ഥമായ അദ്ദേഹത്തിന്റെ പ്രവർത്തികൾക്കും, ഐക്യത്തിന്നുവേണ്ടിയുള്ള കൂടിയാലോചനകൾക്കും, തീർച്ചയായും ജനസാമാന്യം പിൻതുണ നൽകുന്നതായിരിക്കും.

ചൈന വളരെ സാദ്ധ്യതയുള്ള ഒരു മഹാരാഷ്ട്രമാണ്. ചൈനയുടെ വളർച്ച ലോകക്ഷേമത്തിന്നുതന്നെ അത്യാവശ്യമായ ഒന്നത്രേ. ഏഴെട്ടു കൊല്ലമായുള്ള കടുത്ത സമരത്തിന്റെ തീച്ചൂളയിൽനിന്നു ഒരു പുതിയ ചൈന രൂപപ്പെടുകയാണ്. പഴയ വൃത്തികേടുകളെല്ലാം വെന്തു വെണ്ണീറാവുന്നു. സൂക്ഷ്മവും സുഖവും സമത്വവും സ്വാതന്ത്ര്യവും നിറഞ്ഞ ഒരു ചൈന! അതിന്റെ പ്രകാശം പൌരസ്ത്യ ലോകത്തു വെളിച്ചം കോരിച്ചൊരിയുകതന്നെ ചെയ്യും.

# യുദ്ധസഞ്ചിക

## പ്രതിവാരപത്രം

മദിരാശി: 1945 ജൂലായി 6-ാംനു, വെള്ളിയാഴ്ച


## നമ്മുടെ ശത്രു

യൂറോപ്യൻ ഫാസിസ്റ്റുകളുടേതിൽനിന്നും തികച്ചും വ്യത്യസ്തമായ ഒരു നയമാണു് ഈ യുദ്ധത്തിൽ ജപ്പാൻ അനുവർത്തിച്ചുവരുന്നതു് എന്നു് സഖ്യസൈനികനേതാക്കന്മാരുടെ പ്രസ്താവനകളിൽനിന്നും സംഭവഗതികളിൽനിന്നും വ്യക്തമാവുന്നുണ്ടു്. യൂറോപ്പിൽ കഴിയുന്നത്ര പട്ടാളത്തെ നശിപ്പിക്കാതെവെക്കുന്നതിന്നു നാസികൾകൂടി ശ്രമിച്ചിട്ടുണ്ടു്. പക്ഷെ ജാപ്പുകൾ തികച്ചും ആത്മഹത്യാപരമായ ഒരു രീതിയാണു് കൈക്കൊണ്ടുവരുന്നതു്. ഫിലിപ്പൈൻ സമരത്തിൽ മുറിയേററ 82,012 ജാപ്പുഭടന്മാർ, നേതാക്കന്മാരുടെ ഉപദേശവും ശാസനയുമനുസരിച്ചു് മനിലയിൽവെച്ചു് ആത്മഹത്യ ചെയ്തതായി പറയപ്പെടുന്നു. 14-ാം പടയുടെ നേതാവായ ജനറൽ സ്ലിം ഈയിടെ ജാപ്പുകളെ, മുറിയേററവയെ കൊല്ലാറുള്ള ഒരുതരം ഉറുമ്പുകളോടു ഉപമിക്കയുണ്ടായി. ഈ മാനസ്സാസ്വാസ്ഥ്യപരമായ നില, യുദ്ധത്തിന്നു കൂടുതൽ മുറുക്കവും ഉഗ്രതയും കൂട്ടണമെന്നാണു് കാണിക്കുന്നതു്.

ഒന്നാമതായി ജപ്പാൻ ഒററക്കേയുള്ളു. കഴിഞ്ഞ മൂന്നു വർഷങ്ങളോളമായുള്ള സഖ്യാക്രമണങ്ങളുടെ ഫലമായി ജപ്പാന്നു വളരെ കഷ്ടനഷ്ടങ്ങൾ പററിയിട്ടുണ്ടു്. എന്നാൽ ജപ്പാനിലെയും ജർമ്മനിയിലെയും പരിതസ്ഥിതികൾ തമ്മിൽ വലിയ വ്യത്യാസമുണ്ടു്. ജപ്പാന്നു മഞ്ചൂറിയയിൽ ഒരു പശ്ചാത്തലമുണ്ടു്. അവിടേക്കു നീങ്ങിനില്ക്കാം. അതേ സമയത്തു ജാപ്പുനഗരങ്ങളെ ബോംബിടുന്നതിന്നും എളുപ്പമാണു്. വളരെ ദൂരം ഇതിന്നുവേണ്ടി തരണം ചെയ്യേണ്ടതുണ്ടു്. എന്നാലും സഖ്യസേനകൾ ആ കൃത്യം നിർവ്വഹിച്ചുവരുന്നു.

ജപ്പാന്നു കൊല്ലംതോറും 20 ലക്ഷം ടൺ ബോംബുകൾ കൊടുക്കുന്നതായിരിക്കുമെന്നു പാസഫിക് എർ ചീഫ് ജനറൽ ആർനോൾഡ് പ്രസ്താവിക്കുകയുണ്ടായി. അതായതു്, ദിനംതോറും 5,480 ടൺ ബോംബുകൾ. ജപ്പാൻെറ ബലം എത്രയുണ്ടു്? ഇതിനെപ്പററി പല അഭിപ്രായഗതികളുണ്ടു്. 100 ലക്ഷം മുതൽ 170 ലക്ഷം വരെയാണു് ജാപ്പുസേനയുടെ സംഖ്യയെന്നുള്ള പ്രസ്താവനകളുണ്ടു് മലയാ, സയാം, ഇന്തോചൈന എന്നീ സ്ഥലങ്ങളിൽ ഈ തുകയിൽപെട്ട പലരും കിടക്കുന്നുമുണ്ടു്. മററുചിലർ ബോർണ്ണിയോ, ന്യൂഗിനിയ, കരോളിൻസ്, സോളമൻസ് എന്നീ രാജ്യങ്ങളിലെ കാടുകൾക്കിടയിൽ മരണവും കാത്തിരിക്കുന്നു.

പ്രത്യുത സഖ്യസേനാബലം ആഴ്ചതോറും അധികരിച്ചുവരുന്നു. ഈ വർഷാവസാനത്തിൽ പാസഫിക് രംഗത്തിൽ 6,000,000 സഖ്യസേനകൾ ഉണ്ടാവും. കൂടാതെ സ്വതന്ത്രമാക്കിയ രാജ്യങ്ങളിലെ ജനതകളും. ഫിലിപ്പൈൻ, ബർമ്മ, എന്നീ രാജ്യങ്ങളിൽ സംഭവിച്ച സംഗതികൾ ഇതിന്നു സാക്ഷ്യം വഹിക്കുന്നുണ്ടു്.

മാസംതോറും 1,000 മുതൽ രണ്ടായിരം വിമാനങ്ങൾ വരെ നിർമ്മിക്കുന്നതിന്നു ജാപ്പാന്നു സാദ്ധ്യമാവുന്നുണ്ടത്രേ. സഖ്യസേനകൾ ഇന്നത്തെ തോതിൽ 400 ശത്രുവിമാനങ്ങൾ ദിനംതോറും നശിപ്പിച്ചുവരുന്നുമുണ്ടു്. സഖ്യസേനകൾ 6,000 വിമാനങ്ങൾ മാസംതോറും നിർമ്മിക്കുന്നു. ഇതിൽ 200 സൂപ്പർഫോർട്രസ് വിമാനങ്ങളും ഉൾപ്പെടും.

ആയുധശക്തി, കർമ്മകുശലത, സൈനികമർമ്മജ്ഞത ഇവയെല്ലാം നോക്കിയാലും ജപ്പാനെ തോല്പിക്കുന്നതിന്ന സഖ്യസേനകൾക്കു് വളരെ കാലതാമസം വേണ്ടിവരികയില്ല. റഷ്യ ജപ്പാന്നെതിരായ യുദ്ധത്തിൽ ചേർന്നാൽ ജാപ്പുപരാജയം ശീഘ്രത്തിലാകുമെങ്കിലും, റഷ്യ ചേർന്നില്ലെങ്കിൽ കൂടി ജപ്പാനെ തോല്പിക്കുന്നതിന്നുള്ള കരുത്തും കരുതലും കരളുറപ്പും സഖ്യസേനകൾക്കുണ്ടു്.

## ആ കൂലിക്കാരൻ

വി. കെ. ഭാസ്കരൻ.

ഇട്ടിക്കോരൻ!—അവൻ ലേബർ യൂനിററിലെ വെറും ഒരു കൂലിക്കാരനാണു്. ദാരിദ്ര്യത്തിൻെറ മരുഭൂമിയിൽ കിടന്നു പൊരിഞ്ഞുലയുന്ന തൻെറ കുഡുംബത്തെ ഒരു പച്ചപ്പാട്ടിൽ വിശ്രമിപ്പിക്കുവാൻ വെമ്പിയതിൻെറ ഒരു പരിണതഫലം മാത്രമായിട്ടാണു് അവൻ യൂനിററിനെ മനസ്സിലാക്കിയിരിക്കുന്നതു്; ദൈനംദിനം ചെയ്യുന്ന ഓരോ ജോലിയും ഫാസിസത്തിന്നു ശവക്കുഴി വെട്ടുകയാണെന്നു അവൻ മനസ്സിലാക്കിയിട്ടില്ല. നിമിഷംനിമിഷം ചൊരിയുന്ന ഓരോ വിയർപ്പുതുള്ളിയും വിജയലക്ഷ്മിക്കു മുത്തുമാല അർപ്പിക്കുകയാണെന്നും അവന്നറിവില്ല. നിരക്ഷരകുക്ഷിയെങ്കിലും ഇട്ടിക്കോരൻ തൻെറ ജോലിയിൽ പ്രദർശിപ്പിക്കുന്ന ഓരോ ചലനവും അവൻെറ കളങ്കരഹിതമായ മനസ്സാക്ഷിയെ അടിസ്ഥാനപ്പെടുത്തിയിട്ടുള്ളവയാണെന്നു മാത്രമല്ല, മററുള്ളവരെക്കൂടി പ്രവൃത്തിപഥത്തിലേക്കു ആനയിക്കുന്നതിന്നു പ്രേരകവുംകൂടിയാണു്.

അവനെ യൂനിററിലെ മേലധികാരികൾക്കു വളരെ ഇഷ്ടമാണു്. അവൻെറ ചില പ്രവൃത്തികളിൽ ആരും തന്നെ അതിശയിക്കാതിരിക്കുകയില്ല ചില സഹപ്രവർത്തകർ അസൂയയോടെ അവനെ വീക്ഷിക്കുമെങ്കിലും അതിലൊന്നും അവൻെറ മനം കുലുങ്ങുകയില്ല.

* * *

സമയം നാലുമണി കഴിഞ്ഞിരുന്നു. പകലവൻ കടലിന്നക്കരക്കു പ്രയാണം തുടങ്ങി. അന്നും പതിവുപോലെ പ്രവൃത്തിസ്ഥലത്തുനിന്നു ജോലിയും കഴിഞ്ഞു, ഇട്ടിക്കോരൻ തൻെറ സഹപ്രവർത്തകന്മാരോടുകൂടി തങ്ങളുടെ സങ്കേതത്തിലേക്കു മടങ്ങുകയായിരുന്നു. അടുത്തുകൂടി ഒഴികിയിരുന്ന നദിയിൽ തട്ടിവന്നിരുന്ന കുളിർകാററു അവരുടെ ക്ഷീണിച്ച ശരീരത്തിന്നു അനല്പമായ ഒരു ഉണർച്ച നൽകി.

"അയ്യോ! അതാ! ഒരാളാണെന്നു തോന്നുന്നു" അവരിലൊരുവൻ പരിഭ്രമത്തോടെ ആ പുഴയിലേക്കു ചൂണ്ടിപ്പറഞ്ഞു.

"അതാ, താഴ്ന്നു കഴിഞ്ഞു." മറെറാരുവൻ ആലാപിച്ചു.

എല്ലാവരും പരിഭ്രമത്തോടെ നദിയിലേക്കു നോക്കി. ഇതിന്നിടക്കു, അവരിൽ ആരോ ഒരുവൻ നദിയിലേക്കു ചാടിക്കഴിഞ്ഞിരുന്നു. അംബലാഹൃദയംപോലെ ചഞ്ചലവും അഗാധവുമായിരുന്നു ആ നദി. കരിമ്പാറകളെക്കൂടി തല്ലിത്തകർത്തു് പുളച്ചൊഴുകുന്ന ആ നദിയോടു മല്ലടിച്ചു തുഴഞ്ഞു മുന്നോട്ടു ചെന്നു, നിരാധാരനായി താഴ്ന്നുപോകുന്ന ആ മനുഷ്യനെ ഒരു ഞൊടിയിടക്കുള്ളിൽ അവൻ കടന്നുപിടിച്ചു. അവൻ തൻെറ ഇടംകൈകൊണ്ടു വെള്ളത്തിൽനന്നും ഉയർത്തിപ്പിടിച്ചു സധീരം നീന്തി. അതേ, അവൻെറ കർത്തവ്യബോധം രക്ഷയോടുകൂടി കരക്കണക്കുവാൻ അവന്നു ധീരത നൽകി. ആ സുധീരൻ ഇട്ടിക്കോരനല്ലാതെ മററാരുമായിരുന്നില്ല.

ജപ്പാൻെറ വ്യാമോഹം ഇന്ത്യയിലേക്കു കാലെടുത്തു കുത്തുവാൻ തുനിഞ്ഞ കാലമായിരുന്നു അതു്. അവരുടെ സർവ്വകുതന്ത്രങ്ങളേയും പൊളിക്കുന്നതും നശിപ്പിക്കുന്നതുമായ ഇന്ത്യൻസേനയിലെ കുറെ ഒളിയുദ്ധപ്രമുഖ (ചിണ്ടിററുകൾ) രെ, അവരുടെ രഹസ്യങ്ങളെ ആരാഞ്ഞറിഞ്ഞു അട്ടിമറിക്കുന്നതിന്നു, നിയോഗിക്കപ്പെട്ടിരുന്നു. ആ സംഘത്തിലെ ഒരു പ്രധാനിയെയാണു് അന്നു ആ ഇട്ടിക്കോരൻ മരണത്തിൻെറ മാറിടത്തിൽനിന്നും രക്ഷിച്ചതു്.

ആകസ്മികമായ ചില പരിതഃസ്ഥിതികളുടെ ആവിർഭാവം അദ്ദേഹം തൃണവൽഗണിച്ചു തൻെറ കാര്യങ്ങളെ നേടി ധീരധീരം മുന്നോട്ടു പോയ്ക്കൊണ്ടിരുന്നു. പ്രാധാന്യമേറിയ ഒരു സന്ദേശം അവൻെറ കേമ്പിലേക്കു അന്നേ ദിവസം എത്തിക്കേണ്ട ആവശ്യമുണ്ടായിരുന്നു. വിജനങ്ങളായ നിരവധി കുന്നുകളും ഭയങ്കരങ്ങളായ പല കാടുകളും കടന്നു അദ്ദേഹം ആ നദീതീരത്തെത്തി. പക്ഷെ അതു തരണം ചെയ്യുവാൻ യാതൊരു മാർഗ്ഗവും ഉണ്ടായിരുന്നില്ല. അന്നുതന്നെ സന്ദേശം തൻെറ കേമ്പിലെ ഓഫീസറെ അറിയിച്ചില്ലെങ്കിൽ, അതുതന്നെ ഏററവും വലിയ അപകടത്തിന്നു വഴി വെക്കാമെന്നും അദ്ദേഹത്തിന്നറിയാം. അദ്ദേഹം ധൈര്യസമേതം നദിയിലേക്കിറങ്ങി നീന്തുവാൻ ആരംഭിച്ചു. നടന്നു നടന്നു നന്നേ ക്ഷീണിച്ചിരുന്നതിനാൽ അല്പം ദൂരം നീന്തിയപ്പോഴേക്കും കുഴഞ്ഞുപോയി. അവൻെറ കൈകാൽ മുട്ടുകൾ വേറിട്ടുപോകുന്നതുപോലെ തോന്നി. അതേ, അവന്നു അല്പവും മുന്നോട്ടു നീന്തുവാൻ ശക്തിയില്ലാതായി. അടിക്കടി വന്നുകൊണ്ടിരിക്കുന്ന തിരകളും ശക്തമായ ഒഴുക്കും വശഗനായി. ആ ദുർഘടസന്ധിയിലാണു് നമ്മുടെ ഇട്ടിക്കോരൻെറ മുട്ടുകൈ രക്ഷ നൽകിയതു്.

* * *

ദിവസങ്ങൾ പലതു കഴിഞ്ഞു. അന്നു യൂനിററിൻെറ അങ്കണത്തിൽ അനേകം യൂനിററധികൃതന്മാരും പട്ടാള മേധാവികളും സന്നിഹിതരായിട്ടുണ്ടു്. വെറും സന്ദർശനത്തിനായിട്ടല്ല അന്നു അവർ ആഗതരായിട്ടുള്ളതു്. ഇട്ടിക്കോരൻെറ സ്തുത്യർഹമായ ധീരകൃത്യത്തിൽ അനുമോദിച്ചു അതിൻെറ സ്മരണക്കായി ഒരു സ്വർണ്ണമെഡൽ നൽകുവാനാണു്. ആസന്നസ്ഥനായിരുന്ന ബ്രിഗേഡിയർ എഴുന്നേററുനിന്നു പാരിതോഷികമായി ഒരു സ്വർണ്ണമെഡൽ ഇട്ടിക്കോരന്നു കൊടുത്തു.

ആ പാരിതോഷികം സ്വീകരിക്കുമ്പോൾ അവൻെറ കൈകൾ അനല്പമായി വിറച്ചിരുന്നു. അതേ, അവനിപ്പോഴും നിശ്ചയമില്ല താൻ ചെയ്ത ആ പ്രവൃത്തി ഇത്ര മഹനീയമായതായിരുന്നോ എന്നു്!

* * *

വെറും മൺവെട്ടി എന്താനുള്ള കയ്യും എരിപൊരികൊള്ളാനുള്ള ഉദരവും മാത്രമല്ല, അവക്കു ചില മഹനീയ കൃത്യങ്ങൾ ചെയ്യാനുള്ള കഴിവുമുണ്ടെന്നു ലോകം മനസ്സിലാക്കണേ!

# ആഴ്ചക്കുറിപ്പുകൾ

## ബോർണിയോവിലെ വിജയം

ഇതേവരേയും സഖ്യസേനകൾ ബോർണിയോവിൽ ചെയ്ത സമരത്തിൽ വമ്പിച്ച വിജയങ്ങൾ കരഗതമായിട്ടുണ്ട്. ജാപ്പുകൾക്കു മുമ്പെത്തന്നെ സഖ്യസേനകളുടെ പടയിറക്കത്തെപ്പററിയുള്ള വാർത്തകൾ ലഭിച്ചിരുന്നു. അവരുടെ ഭയത്തെയാണിതു കുറിക്കുന്നതു്. ജനറൽ മക്ക് ആർതരുടെ നേതൃത്വത്തിൽ ആസ്ത്രേലിയക്കാർ ബാലിക്ക് ബാപ്പൻെറ തെക്കുകിഴക്കൻ കടൽക്കരയിൽ ഇറങ്ങുന്നതിന്നുമുമ്പു ടോക്കിയോ റേഡിയോ ഈ പടയിറക്കത്തെപ്പററി ദീർഘദർശനം ചെയ്തു. എന്നാൽ പടകളെ ഇറക്കുന്നതുവരേയും സഖ്യശക്തികൾ പ്രസ്താവനയെപ്പററി ഒന്നും വിമർശിച്ചതുമില്ല. രണ്ടു മാസത്തിന്നുള്ളിൽ ജപ്പാന്നു ബോർണിയോവിലെ എണ്ണവയലുകൾ നഷ്ടപ്പെട്ടു അവിടെ അവശേഷിച്ചിട്ടുള്ള ജാപ്പുകളുടെ സ്ഥിതി വളരെ സുഖകരമായിരിക്കാൻ വഴിയില്ല.

## ലൂസൺ സമരത്തിൻെറ അവസാനം

ലൂസണിലെ സമരം പ്രതീക്ഷിച്ചതിലുമധികം നീണ്ടുനിന്നു. ഇതിൻെറ കാരണം ആ രാജ്യത്തിൻെറ പർവ്വതനിബിഡിതമായ ഭൂപ്രകൃതിയും മററൊന്നു കാട്ടുകളിൽ ഓടിയൊളിച്ച ജാപ്പുകളും. അവരെ മുഴുവനും തേടിപ്പിടിക്കുന്നതിന്നു കുറച്ചിട താമസിച്ചിട്ടുണ്ടെങ്കിൽ അതിൽ വ്യസനിക്കേണ്ടതില്ലതാനും. എന്നാൽ ലൂസൺ സമരം ഇതാ അവസാനിച്ചതായി ഔദ്യോഗിക പ്രസ്താവന പുറപ്പെട്ടിരിക്കുന്നു. 100,000 ജാപ്പുകൾക്കിവിടെ നാശം വന്നു; അവർ എല്ലാവരും മൃതരായി. പരുക്കേററ ജാപ്പുകളുടെ സംഖ്യ 400,000 ആണെന്നു കണക്കാക്കിയിരിക്കുന്നു. അമേരിക്കക്കാർക്കു 15,000 പേർ നഷ്ടപ്പെട്ടു. സഖ്യസേനകളെ ഒരു പാഠം പഠിപ്പിക്കാനുള്ള സമരമാണ് ഇതെന്നു ജപ്പാൻ പലപ്പോഴും ഊററം പറഞ്ഞിരുന്നു. ഏപ്രിൽ 1-ാംനു- ജാപ്പുസൈനിക വക്താവു് ഇങ്ങിനെ പ്രഖ്യാപിച്ചു: "ഒക്കിനാവയിലേക്കു ശത്രു സമീപിച്ചുവരുന്ന ഈ സന്ദർഭം നമുക്കു അവരെ തികച്ചും തോല്പിക്കുന്നതിന്നുള്ള ഒരു സുവർണ്ണാവസരമാണ്" പക്ഷെ അതെല്ലാം വെറും മിത്ഥ്യാവാക്യങ്ങളായി. ഫിലിപ്പൈൻ കരസ്ഥമായതു പാസഫിക്ക് രംഗത്തിലെ യുദ്ധത്തിലെ ഒരു നല്ല നേട്ടമാണ്.

## ചൈനയിലെ സന്നാഹങ്ങൾ.


മാർഷൽ ചിയാങ്ങ് കൈ ഷേക്ക് ഈയിടെ നടത്തിയ പത്രസമ്മേളനത്തിൽ ചൈനയിലെ ഒരുക്കങ്ങളെപ്പററി ലേഖകന്മാർക്കു ചില വിവരങ്ങൾ നൽകുകയുണ്ടായി. അമേരിക്കക്കാരാൽ പരിശീലനം ചെയ്യിക്കപ്പെട്ട ചൈനീസ് സേനകൾ ഉടനെ അവരുടെ പ്രവർത്തിക്കു സന്നദ്ധമാകുമെന്നാണ് പ്രതീക്ഷിക്കേണ്ടതു്.


ചുങ്കിങ്ങ് ഗവർമ്മേണ്ടിന്നു ഒരു പുതിയ ഉത്സാഹം ഇടക്കാലത്തുവെച്ചുണ്ടായിട്ടുണ്ട്. ക്രമിൻറാങ്ങ് സമ്മേളനത്തിൽവെച്ചു അതിൻെറ പ്രകാശം പ്രത്യക്ഷപ്പെട്ടുമായിരിക്കുന്നു. കുറെക്കൂടെ യഥാർത്ഥവും ജനകീയവുമായ ഒരു നയം അവർ കൈക്കൊള്ളുമെന്നു പ്രതീക്ഷിക്കപ്പെടുന്നു. വടക്കു ഭാഗത്തു യാനാനിലുള്ള കമ്മ്യൂണിസ്റ്റുകളും ചിയാങ്ങ് കൂട്ടരും ഒന്നിച്ചു ചേരുന്നതു് ഇത്തരുണത്തിൽ വളരെ ആവശ്യമാണ്. കാരണം ചൈനയിൽ ജപ്പാന്നെതിരായുള്ള വമ്പിച്ച സമരങ്ങൾ, ആസന്നമായിരിക്കെ, അന്തഃഛിദ്രങ്ങൾ ഉണ്ടാവുന്നതു ആപല്ക്കരമാണ്.

## 'ത്രിമൂർത്തി' സമ്മേളനം.

മാർഷൽ സ്റ്റാലിൻ, പ്രസിഡൈണ്ട് ട്രൂമാൻ, പ്രീമിയർ ചർച്ചിൽ ഈ മൂന്നു മഹാരഥന്മാരും തമ്മിലുള്ള കൂടിയാലോചന അടുത്തു തന്നെ ഉണ്ടാ

## ലോകമഹാ യുദ്ധം ഇങ്ങിനെ കാണുക




വുമെന്നതിന്നു എല്ലാ തെളിവുകളും ഉണ്ട്. തൽഫലമായി, ഈ മഹാശക്തികൾ തമ്മിലുള്ള ബന്ധത്തിന്നു കൂടുതൽ ദാർഢ്യവും കിട്ടുന്നതായിരിക്കും. പോളണ്ടിൽ ഒരു ജനകീയ ഗവർമ്മേണ്ട് രൂപീകരിക്കുന്ന കൃത്യത്തിൽ ഇവർ കാണിച്ച വിട്ടുവീഴ്ചയും ഉദാരമനോഭാവവും, യാഥാർത്ഥ്യ ബോധവും പ്രസ്താവ്യമാണ്. യൂറോപ്പിലെ അതൃത്തികൾ, ലെവൻറിലെ കുഴപ്പം, ജപ്പാനും റഷ്യയും തമ്മിലുള്ള നില ഇവയെപ്പററിയെല്ലാം ആലോചിക്കപ്പെടുന്നതായിരിക്കും.

# ചിരിയും ചിന്തയും

(കെ. കെ. ജാനകിയമ്മ.)

[ചിരിയിൽക്കൂടി ചിന്തിക്കുകയും ചിന്തയിൽക്കൂടി ചിരിക്കുകയും ചെയ്യുന്നവർക്ക് എൻെറ തൊഴുകൈകൾ.]

ചിരിയുതിർത്തീടുന്ന ചിന്താഫലങ്ങളേ,
ചിതറുവിൻ ചൈതന്യപൂരമെങ്ങും!

കരൾകരിച്ചീടും കരച്ചിലുമാർന്നു-
മരണത്തിൻ മാന്ത്രികസംഗരങ്ങൾ,
മറയട്ടെ, മൌഢ്യ മകലട്ടെ, ശാന്തിതൻ
നിറകതിരുതിരട്ടെ നീളെ നീളെ.

നിണമണിഞ്ഞാണിനിരന്നണയുന്ന ഭീരി
മഴലെഴും നിഴലുമിക്രൂരിരുട്ടും, [തവു-
അവസാനിച്ചാകവേ വെണ്മവെണ്ണീറടി-
ഞ്ഞാവനിയിലാമോദമാർന്നിടട്ടെ.

ചിരിയുതിർത്തിടുന്ന ചിന്താഫലങ്ങളേ,
ചിതറുവിൻ ചൈതന്യപൂരമെങ്ങും.

തുരുതുരെ തൂടുനിണത്തുള്ളികൾ തൂകി നാം
സുരുചിര വിജയത്തെ നോമ്പുനോററു.
അവളെത്തി, യൊളിചാർത്തി, യാനന്ദവും
[മെത്തി,
അവളെത്തി, ശാന്തിതൻ പെൺകിടാത്തി!

മനുജരെ, മൂടുസ്മിതമലരിട്ടു പൂജിപ്പി-
നനുദിനമീജയദേവതയെ!

ഇളയാമീവിളനിലത്ത്,കളങ്കം കളകള-
ഞ്ഞി, ളകിപ്പുളയ്ക്കട്ടെ പുഷ്പഭൂതി!

ചിരിയുതിർത്തിടുന്ന ചിന്താഫലങ്ങളേ,
ചിതറുവിൻ ചൈതന്യപൂരമെങ്ങും.

കരയലും കദനവും, മതി നിർത്തിൻ; ചിന്ത
ചിരിയും ചൊരിയുവിൻകൂട്ടുകാരേ! [യും
അറിയട്ടെ നാളത്തെയാളുകൾ നമ്മുടെ
ചരിതങ്ങൾ ചിരിയിലും ചിന്തയിലും.

അലയാഴിപോലവേയാർത്തു ചിരിക്കുവാ-
നല, മാർക്കമറിയേണ്ട കാലമായി.

ഹിമഗിരിനിരപോലെ ഗുരുതര ചിന്തകൾ
സമമായെല്ലാരിലും വേണമിപ്പോൾ.

ചിരിയുതിർത്തീടുന്ന ചിന്താഫലങ്ങളേ,
ചിതറുവിൻ ചൈതന്യപൂരമെങ്ങും.

പുതുമഴപിതറുംപോലുതിരട്ടെ ചിന്തകൾ
പുതുമതൻ തൂമണമേന്തിയേന്തി,
കുളിരാളുമവയേററു കൂമ്പുകളററതാം
മനുജതമുററിത്തഴച്ചിടട്ടെ.

കദനത്തിൻകൂരിരുൾ മായുന്നു, ചെഞ്ചോര
മറയുന്നു നോക്കുവിൻ ചക്രവാളം!

ഒരു നവചൈതന്യ, മുത്തരസൌന്ദര്യ-
മുയിരെടുത്തുയരുന്നു, കാൺമതില്ലേ?

പുതുലോകം പുലരുന്നു, പുഞ്ചിരിതൂകുവിൻ
പുതിയതാം ചിന്തയെയാദരിപ്പിൻ.

ചിരിയുതിർത്തീടുന്ന ചിന്താഫലങ്ങളേ,
ചിതറുവിൻ ചൈതന്യപൂരമെങ്ങും!





അഡ്മിറൽ ചെസ്റ്റർ ഡബ്ല്യൂ. നിമിററ്സ്, പാസഫിക്ക് രംഗത്തിലെ നാവിക സേനാധിപൻ

# തോഴിയുടെ തെററ്

സി. ആർ. ഗോപാലനെഴുത്തച്ഛൻ, ബി. എ.
(താരാട്ട്)

സത്യം :—

ഭാവനെ, തോഴീ പറയൂ-വീണ്ടും
താവക താപ രഹസ്യം.

ഭാവന :—

സത്യമേ, നീയെന്തുരക്കു-മെൻെറ
ചിത്തരഹസ്യമറിഞ്ഞാൽ ?
ജീവിതം കണ്ണീരിൽ നീന്തു-മൊരു
ശോക കഥ നീ ശ്രവിച്ചാൽ!

സത്യം :—

ജീവിതം ഞാൻ വിററുപോലു-മെൻെറ
ഭാവനയെക്കരകേററും.
മർത്ത്യൻെറ നീതിയെ പുല്ലായ്-ഗ്ഗണി
ച്ചി, ത്താപഭാരമകററും.

ഭാവന :—

വഞ്ചിതയാമെൻ ചരിത്രം-നിൻെറ
നെഞ്ചകം നീററുമോ തോഴി ?
എങ്കിലുമോതിടാമല്പ-മെൻെറ
സങ്കടഹേതുക്കൾ കേൾക്കൂ :

അന്നാമലർക്കാല നാളി-ലെൻെറ
ചങ്ങാതിയൊത്തുഞാൻ കൂടി
ഒട്ടുമാച്ഛാദന മെന്യേ-ഞങ്ങൾ
കണ്ടിതന്യോന്യം ഹൃദന്തം.

"ഓർക്കണെ" ചൊല്ലിയദ്ദേഹ-"മിതു
പേക്കിനാവാണെന്ന കാര്യം.
വിത്തപ്രതാപത്തിൽ നീന്തും-നിൻെറ
ചിത്തമേ സുസ്ഥിരമല്ല.

അപൂർവ്വദിങ്മുഖത്തെങ്ങാ-നമൊ
രക്കബിംബം കണ്ടുപോയാൽ
അന്നാളിൽ വിസ്മൃതനാകു-മിവൻ
മിന്നാമിനുങ്ങെന്നപോലെ

എങ്കിലും താരാവലികൾ-ക്കൊരു
സങ്കല്പറാണിയാകും നീ—"

സത്യം :—

നില്ക്കണെ,യച്ചാരുഗാത്രന്നു നി
ന്നൽക്കുരുന്നേകിയോ തോഴി ?
സത്യസ്വരൂപനദ്ദേഹം-തൻെറ
ഹൃത്തടം നിന്നിലർപ്പിച്ചോ ?
അപ്പുമാനെ ചതിച്ചീടാൻ-വണ്ണ
മത്രനീ നീചയായ്പ്പോയോ ?

ഭാവന :—

കണ്ണുകരോരം നിനക്കീ-വിധം
നിർണ്ണയം യോജിച്ചതല്ല.
എന്നെ ഞാനാക്കിച്ചമച്ചീ-ലോക
മെന്തെന്ന ബോധവുമെന്നിൽ
ആരുളവാക്കിയോ ഞാന-ഗ്ഗുരു
ദേവനെ വഞ്ചിക്കുവാനോ ?

ഓതണെ നീയെന്തു ചെയ്യും-നിൻെറ
താതമാതാദികൾക്കായി ?
ചൊല്ലാമസാംഗത്യ,മെന്നാ-ലുമി
തെല്ലാമതുവിധമല്ലോ !

സത്യം :—

എന്നച്ഛനമ്മമാർ പ്രീതി-പ്പെടാ
നെന്നെയും ഞാൻ ബലിയേകും.
സന്തത മേറെയായ്പ്പോയീ-ട്ടുകി
ലെന്തവർക്കായേകിയാലും

ഭാവന :—

എങ്കിലോ തോഴി കഥിക്കാ-മെൻെറ
ശങ്കക്കിടസ്ഥാനമില്ല. . . . .
അല്ലലിന്നാശ്വാസമേകി-യൊട്ടു
നല്ലാശയങ്ങളെല്ലാകി.

എന്നിക്കുതോഴൻ ക്രമത്തി-ലെൻെറ
മന്നിലെ ദേവനായ് മാറി.
"ഭാവുകം നിങ്ങൾക്കു മേലിൽ-ഭവി
ച്ചീടും" സമുദായമോതി . . . .

* * *

ഇല്ല,കാലാധീനമല്ലാ-തൊന്നു
മില്ലിതിൽ സംശയം തോഴി.
സൌഭാഗ്യസമ്പത്തിവയു-മെൻെറ
നാഥൻെറ രൂപവും പോയി!
കേവലം വൈരൂപ്യമേകി-യൊരു
മാറാഭയങ്കര വ്യാധി!! . . . . .
മന്ത്രിച്ചിതെന്നാന്തരാത്മാ-"വിതു
തന്ത്രമീരാഗങ്ങളെല്ലാം . . . . ."

* * *

"അന്യനെ നീ വരിക്കേണം"-ചൊല്ലി
എന്നച്ഛനെന്നോടൊരുന്നാൾ
ഏറെവൈകീടാതെവന്നു-എൻെറ
വേളി, കർമ്മങ്ങൾ കഴിഞ്ഞു. . . .


സത്യം :—

ചൊല്ലേണ്ടിനിയുള്ള കാര്യ-മെനി
ക്കെല്ലാമറിയുമെൻ തോഴി
ഭാവനെ, നിന്നാദ്യതോഴൻ-വെറും
ശോകാബ്ധിയിൽ മുങ്ങി മുങ്ങി
ഏതോ വിക്ഷോഭകത്താൽ-തൻെറ
ജീവാവസാനം വരുത്തി;
യുക്തിയന്യേ സമുദായം-നിന്നെ
നിത്യാവഹേളനം ചെയ്യു :
അക്കാര്യമോർത്തിഖേദാൽ-നിൻെറ
യുൾക്കാമ്പെരിഞ്ഞതും മററും
എന്തിന്നതെല്ലാ?മിവിടെ-യെങ്ങു
'മന്ധരെ,യന്ധർ നയിപ്പൂ!'
കാമത്തിൽനിന്നുത്ഭവിക്കു-ന്നതാം
രാഗത്തെ സംപൂജ്യമായും
കഷ്ടം! അനിത്യമാം പ്രേമം-നിത്യ
മുഗ്ദ്ധമായും നമ്മളോർത്തു!
സൌന്ദര്യ സൌഭാഗ്യമത്രേ-നമു-
ക്കൊന്നുമാവശ്യ വിശേഷം
അങ്ങുനിന്നുത്ഭവിച്ചീടും-പ്രേമ
മെന്നതിലില്ല സന്ദേഹം.
സുന്ദരിയാകുമെൻ തോഴി-ക്കിനി
യെന്തുണ്ടു സന്തപിച്ചീടാൻ ?

# ലോകരക്ഷാ പ്രമാണരേഖ

## —ചരിത്രപ്രസിദ്ധമായ സാൻഫ്രാൻസിസ്കോ സമ്മേളനത്തിന്റെ അരുമസ്സന്താനം

"ഈ രേഖയെ ഉപയോഗത്തിൽ വരുത്താതിരുന്നാൽ അത് സമാധാനവും സംരക്ഷയും സ്ഥാപിക്കാൻവേണ്ടി മരിച്ചവരോടു ചെയ്യുന്ന വഞ്ചനയായിരിക്കും"—പ്രസിഡെണ്ട് ട്രൂമാൻ



സാൻഫ്രാൻസിസ്കോവിൽ ഇന്ത്യൻ പ്രതിനിധി സംഘനേതാവ് സർ, എ. ആർ. മുതലിയാർ. ഇദ്ദേഹത്തിന്റെ സാന്നിദ്ധ്യം ഇന്ത്യയുടെ അന്തസ്സ് അധികരിപ്പിച്ചു.

ലോകസംരക്ഷാപദ്ധതി നിർമ്മിക്കുവാൻ കഴിഞ്ഞ ഒമ്പതാഴ്ചകളായി 50 രാഷ്ട്രങ്ങൾ ഇവിടെ പരിശ്രമിച്ചു വരികയായിരുന്നല്ലൊ. ഐക്യരാഷ്ട്രങ്ങൾ എന്ന അഭിധാനത്തിൽ ഒരു പുതിയ അന്തർദ്ദേശിയ സംഘടന നിർമ്മിക്കുവാനുള്ള പതിനായിരം വാക്കുകളടങ്ങുന്ന ഒരു ചാർട്ടർ (പ്രമാണരേഖ) സമ്മേളനം ഇന്നു അംഗീകരിച്ചിരിക്കുന്നു. രാജ്യങ്ങൾ തമ്മിലുള്ള അന്തർദ്ദേശീയബന്ധത്തെ വിവരിക്കുന്ന പ്രസ്തുത ചാർട്ടറിനു 19 അദ്ധ്യായങ്ങളുണ്ട്.

### പീഠിക

ഭാവി തലമുറകളെ യുദ്ധവിപത്തിൽനിന്നു രക്ഷിക്കുവാൻ ഐക്യരാഷ്ട്രങ്ങൾ തീരുമാനിച്ചിരിക്കുന്നുവെന്നു ചാർട്ടറിന്റെ പീഠികയിൽ പ്രസ്താവിക്കുന്നു. മനുഷ്യന്റെ അവകാശങ്ങളിൽ വിശ്വാസം വീണ്ടും രേഖപ്പെടുത്തുക, സ്ത്രീകൾക്കും പുരുഷന്മാർക്കും ചെറു രാഷ്ട്രങ്ങൾക്കും വലിയ രാഷ്ട്രങ്ങൾക്കും തുല്യമായ അവകാശങ്ങൾ അനുവദിക്കുക, അന്തർദ്ദേശീയ നിയമം മുതലായവയെ മാനിക്കുവാനും നിലനിർത്തുവാനുമുള്ള പരിതസ്ഥിതികൾ നിർമ്മിക്കുക, സാമൂഹ്യസ്ഥിതി നന്നാക്കുക, കൂടുതൽ സ്വാതന്ത്ര്യവും കൂടുതൽ നല്ല ജീവിതത്തോതും ഉളവാക്കുക മുതലായതാണ് ചാർട്ടറിൽ പറയുന്ന ഉദ്ദേശങ്ങൾ. ഇവ സാധിക്കുന്നതിനു വേണ്ടി ഐക്യരാഷ്ട്രങ്ങൾ സഹിഷ്ണുത പാലിക്കാനും നല്ല അയൽപക്കക്കാരെപോലെ സമാധാനത്തോടുകൂടി ഒരുമിച്ചു ജീവിക്കാനും അന്തർദ്ദേശീയസമാധാനം സ്ഥാപിക്കുന്നതിനു യോജിച്ചുകൊണ്ടുള്ള ശക്തി സമാർജ്ജിക്കാനും പൊതുനന്മക്കല്ലാതെ സായുധശക്തി ഉപയോഗിക്കയില്ലെന്ന രക്ഷാവ്യവസ്ഥയുണ്ടാക്കാനും, തീരുമാനിച്ചിരിക്കുന്നുവെന്നും പീഠികയിൽ പറയുന്നു.

ചാർട്ടറിന്റെ പ്രധാനവശങ്ങൾ ഇവയാണ്. ഐക്യരാഷ്ട്രസംഘടനയിലെ എല്ലാ മെമ്പർ രാജ്യങ്ങളുടെയും സമത്വത്തെ അടിസ്ഥാനപ്പെടുത്തിയാണ് സംഘടന നിർമ്മിച്ചതെന്നു ചാർട്ടർ പ്രഖ്യാപിക്കുന്നു. പുതിയ സംഘടനയുടെ ഉദ്ദേശങ്ങൾ അന്തർദ്ദേശിയ സമാധാനവും സംരക്ഷയും സ്ഥാപിക്കുകയും അതിനുവേണ്ടി ഫലപ്രദമായ കൂട്ടനടവടി എടുക്കുകയും, സാമ്പത്തിക-സാമൂഹ്യ-സാംസ്കാരിക-രാഷ്ട്രീയ കാര്യങ്ങൾക്കു പരിഹാരം കാണുവാൻ അന്തർദ്ദേശീയ സഹകരണം സാധിക്കുകയുമാണ്. പുതിയ സംഘടനയ്ക്ക് (1) ഒരു ജനറൽ അസംബ്ലിയും (എല്ലാ മെമ്പർമാരും ചേർന്ന ഈ അസംബ്ലിക്ക് കാര്യങ്ങൾ വാദപ്രതിവാദം നടത്താനും ശുപാർശികൾ ചെയ്യാനും അധികാരമുണ്ട്), (2) സെക്യൂരിട്ടി കൌൺസിലും (ഇതിൽ 11 മെമ്പർ രാജ്യങ്ങൾ ഉണ്ടായിരിക്കും) ഉണ്ടായിരിക്കും. 11 മെമ്പർമാരുള്ള ഈ കൌൺസിൽ പഞ്ചശക്തികളായ ബ്രിട്ടൻ, അമേരിക്ക, റഷ്യ, ഫ്രാൻസ്, ചൈന എന്നീ രാജ്യങ്ങൾ സ്ഥിരം മെമ്പർമാരാണ്. മറ്റു ആറു സ്ഥിരമല്ലാത്ത മെമ്പർമാരെ ജനറൽ അസംബ്ലി തിരഞ്ഞെടുക്കുന്നതാണ്. സ്ഥിരം മെമ്പർമാർക്കു വീറ്റോ അധികാരമുണ്ട്. അവക്കു പുറമെ, (3) സോഷ്യൽ അസംബ്ലി. 18 മെമ്പർ രാജ്യങ്ങളുള്ള ഈ അസംബ്ലിയെ ജനറൽ അസംബ്ലി തിരഞ്ഞെടുക്കും. അന്തർദ്ദേശീയ-സാമ്പത്തിക കാര്യം, സാമൂഹ്യ-സാംസ്കാരിക-വിദ്യാഭ്യാസ-ആരോഗ്യ കാര്യങ്ങളെപ്പറ്റി പഠിക്കുകയും ജനറൽ അസംബ്ലിക്ക് ശുപാർശികൾ സമർപ്പിക്കുകയുമാണ് ഇതിന്റെ തൊഴിൽ. (4) ട്രസ്റ്റി കൌൺസിൽ സെക്യൂരിട്ടി പ്രദേശങ്ങൾ ഭരിക്കുന്ന രാജ്യങ്ങൾ ഉൾപ്പെടെ ജനറൽ അസംബ്ലി സമപ്രാതിനിദ്ധ്യത്തോടുകൂടി തിരഞ്ഞെടുക്കുന്ന മെമ്പർമാരും ഇതിലുണ്ടാകും. ഈ കൌൺസിലിനു ഇടക്കിടെ ട്രസ്റ്റ് പ്രദേശങ്ങൾ സന്ദർശിക്കുവാൻ അധികാരമുണ്ട്. (5) അന്തർദ്ദേശീയ നിയമക്കോടതി. ഹെയിഗിൽ ഇപ്പോഴുള്ള അന്തർദ്ദേശീയ നിയമക്കോടതിക്കു പകരം ഈ പുതിയ കോടതിയായിരിക്കും. (6) സെക്രട്ടരി ജനറാളിന്റെ നേതൃത്വത്തിൽ ഒരു സെക്രട്ടറിയററ് (കാര്യാലയം) സെക്യൂരിററി കൌൺസിലിന്റെ ശുപാർശിയോടുകൂടി ജനറൽ അസംബ്ലി സെക്രട്ടരി ജനറാളിനെ തിരഞ്ഞെടുക്കും.

സെക്രട്ടേറിയററ് ഉത്തരവുകൾ സ്വീകരിക്കുന്നതു സംഘടനകളിൽനിന്നാണ്, ഏതെങ്കിലും ഗവർമ്മെണ്ടിൽനിന്നല്ല. പ്രാദേശിക രാഷ്ട്രസഖ്യത്തിലേപ്പെടുന്ന രാജ്യങ്ങൾ എല്ലാ തർക്കങ്ങളും സെക്യൂരിററി കൌൺസിലിനു സമർപ്പിക്കുന്നതിനുമുമ്പ് അവയെ സമാധാനപരമായി തീർക്കുവാൻ യത്നിക്കേണ്ടതാണെന്ന് ചാർട്ടർ, പ്രാദേശിക രാഷ്ട്രസഖ്യത്തെപ്പററി പറയുന്ന മദ്ധ്യേ, പ്രഖ്യാപിക്കുന്നു. ട്രസ്റ്റിഷിപ്പിനു വിധേയമായ സ്വാതന്ത്ര്യമല്ലാത്ത രാജ്യങ്ങളിലെ ജനങ്ങളുടെ താല്പര്യങ്ങൾ പാവനമായ ട്രസ്റ്റിനെപ്പോലെത്തന്നെ ഏററവും പ്രധാനമാണെന്ന് ആ രാജ്യങ്ങളുടെ ട്രസ്റ്റ് സ്ഥാനം വഹിക്കുന്ന രാജ്യങ്ങൾ മനസ്സിലാക്കേണ്ടതാണെന്നു ചാർട്ടർ പ്രസ്താവിക്കുന്നു.

പ്രിപ്പറേററി കമ്മീഷൻ ആഗസ്റ്റ് മാസത്തിൽ ലണ്ടനിൽവെച്ച് കൂടുന്നതാണ്.

### പ്രസിഡെണ്ട് ട്രൂമാന്റെ പ്രസംഗം

കൂടുതൽ നല്ല ഒരു ലോകം നിർമ്മിക്കുന്നതിനു ഉറച്ച ഒരടിസ്ഥാനമിടുന്ന ഒരു രേഖയിലാണ് പ്രതിനിധികൾ ഒപ്പിട്ടതെന്നും അതിനു ചരിത്രം അവരെ ബഹുമാനിക്കുന്നതാണെന്നും പ്രസിഡെണ്ടു ട്രൂമാൻ ചെയ്ത പ്രസംഗത്തിൽ പ്രസ്താവിച്ചു: "സമാധാനം സ്ഥാപിക്കാനുള്ള പ്രഥമപട്ടികയാണ് ഈ രേഖ. എന്നാലും അതൊരു വമ്പിച്ച നേട്ടമാണ്. ഇത് ഏതെങ്കിലും ഒരു രാജ്യത്തിന്റെ പരിശ്രമഫലമല്ല. രാജ്യങ്ങളുടെ സഹകരണ മനസ്ഥിതിയുടെ ഫലമാണ്. യുദ്ധത്തിൽ കാണിച്ച സഹകരണം സാൻഫ്രാൻസിസ്കോ സമ്മേളനത്തിലും പ്രകടമായിരിക്കുന്നു. ലോകസമാധാനത്തിനും സംരക്ഷക്കും മനുഷ്യവർഗ്ഗത്തിന്റെ പുരോഗതിക്കും ആവശ്യമായ ഒരു പ്രധാന നിയമമാണ് നിങ്ങൾ സൃഷ്ടിച്ചിരിക്കുന്നതു്. ലോകം ഇനി അതിനെ ഉപയോഗിക്കണം. അതു ഉപയോഗിക്കുന്നതിൽ നിങ്ങൾ പരാജയപ്പെടുകയാണെങ്കിൽ സമാധാനത്തിനും സംരക്ഷക്കും വേണ്ടി മരിച്ചവരോടു നിങ്ങൾ വഞ്ചന കാണിക്കലായിരിക്കും. നമ്മുടെ ധാർമ്മിക കരുത്തിനെ പരീക്ഷിക്കുന്ന ഒന്നാണ് ഈ കൃത്യം. ഒരു രാജ്യം എത്ര ശക്തിയുള്ളതായാലും തങ്ങൾക്കിഷ്ടമുള്ളതും ചെയ്യണമെന്ന മോഹം ആ രാജ്യം ഉപേക്ഷിക്കേണ്ടതാണ്.

ശക്തിയുള്ള രാജ്യങ്ങൾക്ക് ലോകം കീഴടക്കാനുള്ള അധികാരമില്ല. ലോകത്തെ സമാധാനത്തിലേക്ക് നയിക്കുകയാണ് അവ വേണ്ടതു്.

ഈ ചാർട്ടറിന്റെ പ്രത്യേകത സഖ്യരാഷ്ട്രങ്ങളുടെ ഐക്യമാണ്. ഈ ഐക്യത്തെ തകർക്കുവാൻ ഇനിയും പരിശ്രമങ്ങൾ നടന്നേക്കാം. പിന്തിരിപ്പത്വത്തിന്റെയും അക്രമത്തിന്റെയും ലോകത്തിലെങ്ങുമുള്ള ശക്തികൾ സഖ്യരാഷ്ട്രങ്ങളെ ഭിന്നിപ്പിക്കാൻ ഉത്സാഹിക്കും.

ന്യായത്തിന്റെ ഭരണം ലോകത്തിലെങ്ങും സ്ഥാപിക്കുവാൻ ലഭിച്ച ഏററവും വലിയ അവസരത്തെ നാം ഉപയോഗിക്കുക. ദൈവത്തിന്റെ സഹായത്തോടുകൂടി സ്ഥായിയായ സമാധാനം സ്ഥാപിക്കുവാൻ നാം യത്നിക്കുക."

ചാർട്ടറിൽ ഒപ്പിട്ടശേഷം പഞ്ചമഹാശക്തികളുടെ പ്രതിനിധികൾ സംസാരിക്കുകയുണ്ടായി. അനേകം ത്യാഗങ്ങളും കഷ്ടങ്ങളും അനുഭവിച്ചതിന്റെ ഫലമായിട്ടുണ്ടായ ഒരു കടലാസ്സിലാണ് താൻ ഒപ്പിടുന്നതെന്നും തന്റെ രാജ്യം ഈ രേഖയെ മാനിക്കുമെന്നും ഇതു ഭാവിയിൽ സമാധാനം പാലിക്കാനുള്ള ഒരുപാധിയായിരിക്കുമെന്നും ബ്രിട്ടീഷ് പ്രതിനിധിയായ ഹാലിഫാക്സ് പ്രഭു പ്രസ്താവിച്ചു.

ചാർട്ടർ മുഴുവനും സന്ധിനിർദ്ദേശങ്ങളെക്കൊണ്ടു നിറഞ്ഞതാണെന്നും അതു അപൂർണ്ണമെങ്കിലും ലോകരക്ഷ സ്ഥാപിക്കുവാൻ അതൊരു കാര്യമായ പുരോഗമനമാണെന്നും സൌത്താഫ്രിക്കൻ പ്രതിനിധി ജനറൽ സ്മട്ട്സ് പ്രസ്താവിച്ചു. യുദ്ധത്തിന്റെ അടിസ്ഥാനകാരണമായ സാമൂഹ്യ അനീതിയെ നീക്കാൻ ചാർട്ടറിൽ വ്യവസ്ഥയുണ്ടെന്നും അദ്ദേഹം പറഞ്ഞു.

ജാപ്പ പ്രധാനമന്ത്രി സുസുക്കി :—

"ഭും, ഭും ഭയങ്കര ശബ്ദങ്ങൾ കേൾക്കുന്നു
ശംഭോ! ശിവനേ ചതിച്ചോ?"




ഹാസ്യപംക്തി

# *പുലിവാല്


(പരമ്പ)

(മാരകാകളി)

"കഷ്ടമമേരിക്കയോടടർ ചെയ്യുവാൻ-
ഇഷ്ടമെനിക്കില്ല തെല്ലും,
നഷ്ടവും, നാശവും, അയ്യയ്യോ വന്നോരീ-
കഷ്ടമാരോടുഞാൻ ചൊല്ലും?
ഹാ, ജോറിൽച്ചെയ്ത പണിയൊക്കെയിന്നിതാ-
ബേജാറിലായിക്കഴിഞ്ഞു.
വ്യാജങ്ങൾകൊണ്ടും ഫലമില്ല, ബോംബിനാൽ-
ഹാ, ജനമയ്യോ കുഴഞ്ഞു,
'മക്കാർതർ' വല്ലാത്ത മുഷ്കരൻതന്നെ, ഹാ,
ദിക്കുകൾ സർവ്വം പിടിച്ചു
നിൽക്കാതെ നമ്മുടെ പട്ടാളക്കാരെല്ലാം-
മൂക്കിലൊതുങ്ങിയൊളിച്ചു,
നിപ്പൺ പ്രതാപം നുറുനുറുങ്ങുന്നിതാ,
തപ്പുവാൻ മാർഗ്ഗവുമില്ല,
'ശപ്പനെ'ന്നെന്നെ വിളിക്കുന്നു നാട്ടുകാർ,
കെല്പെനിക്കല്പവുമില്ല,
അയ്യയ്യോ, ചെയ്യേണ്ടതെന്തുഞാൻ, ദൈവമേ,
വയ്യെനിക്കേതും സഹിപ്പാൻ,
(കയ്യിലെ ലേസിനാൽ കണ്ണീർ തുടക്കുന്നു)
ഇല്ലൊരു മാർഗ്ഗം ജയിപ്പാൻ

ജർമ്മനി ചെയ്യുതെന്തന്യായമയ്യയ്യോ,
മർമ്മം പിളരുന്നു കഷ്ടം,
കർമ്മമെന്നല്ലാതെ ഞാനെന്തുചൊല്ലേണ്ടു,
നമ്മൾക്കു വന്നോരീ നഷ്ടം,
ബർമ്മ, മണില, പൊളിഞ്ഞു, തുലഞ്ഞുനാം;
ധർമ്മമൊടുവിൽ ജയിക്കും
അമ്മേ; പിളരുന്നു നാസികൾ സർവ്വവും,
കർമ്മഫലം നാം ഭുജിക്കും;
(ഭും, ഭും, ഭയങ്കര ശബ്ദങ്ങൾ കേൾക്കുന്നു)
ശംഭോ, ശിവനേ ചതിച്ചോ?
തമ്പുരാൻ വാഴമരമന-ഹാ, വിധി,
യെൻപുരി വെന്തു ദഹിച്ചോ?
(സംഭ്രമിച്ചോടി നടക്കുന്നു) മേലെന്തു-
സംഭവിച്ചീടുമോ ദേവീ?
വൻപരമേരിക്കർ—ഹാ, കഷ്ടം, മുട്ടിനാം,
കിംഫല?മെന്തയ്യോ ഭാവി?
അപ്പുലിവാലിൽ പിടിക്കുക മൂലമായ്-
പാപ്പരായ്പോയിതേ ജപ്പാൻ
അപ്പൊഴും ടോജോവോടോതി ഞാൻ, മൂപ്പീന്ന്
മക്കടമുഷ്ടി പിടിച്ചു
ഇന്നുഞാൻ താങ്ങേണ്ടി വന്നുപോയിഭാരം,
എൺപതു മെത്തിയ വൃദ്ധൻ.
സങ്കടമയ്യോ പൊറുതുവാൻ; എങ്കിലും-
സംഗതിമാറിക്കഴിഞ്ഞു,
സന്ദേഹമില്ലാപരാജയ കാര്യത്തിൽ;
സന്തോഷ സൂര്യൻ മറഞ്ഞു,
എല്ലാം വിധിഫല,മാരെന്തുചെയ്യുവാൻ,
(വല്ലാതെയൊന്നു ശപസിച്ചു)
പൊല്ലാതകാലം നമുക്കെന്റെ കൂട്ടരെ,
എല്ലാ സുഖവും നശിച്ചു,
(കേൾക്കുന്നുവീണ്ടുമപായ ശംഖധ്വനി)
നോക്കട്ടെ ഞാനൊരു 'ഷെൽട്ടർ'!

* അമേരിക്കയോടു സമരം ചെയ്യേണ്ടിവന്നതു് ഏററവും പരിതാപകരമായിരിക്കുന്നു എന്നു ജപ്പാനീയ പ്രധാനമന്ത്രി ഈയിടെ പ്രസ്താവിക്കുകയുണ്ടായി.



ലഫ്റ്റനൻറ് ജനറൽ മോർസ് ഹെഡ്സ്, ബോർണിയോവിലിറങ്ങിയ ആസ്ത്രേലിയൻ പടയുടെ സീനിയർ കമാണ്ടർ

### മലയാളി ഭടനു മിലിട്ടറി മെഡൽ

ബർമ്മയിൽ ചെയ്ത സുധീരസേവനങ്ങൾക്കായി ഇന്ത്യൻ സിഗ്നൽ കോറിലെ ഒരു നായക്കും ചിറക്കൽ താലൂക്കിൽ മുണ്ടല്ലൂർ അംശക്കാരനുമായ കുഞ്ഞിരാമൻ നായക്ക് മിലിട്ടറി മെഡൽ സമ്മാനിക്കപ്പെട്ടിരിക്കുന്നു.

ജനാധിപത്യ രാഷ്ട്രത്തിൽ സയൻസ് എങ്ങിനെ വളരുന്നു ?

# സോവിയററ് സയൻസ്

## അതിൻെറ ഉത്ഭവവും വളർച്ചയും

(ഇവാൻ ബാർഡിൻ, വൈസ്പ്രസിഡെണ്ട്, അക്കാഡമി ഓഫ് സയൻസ്, യു.എസ്.എസ്.ആർ.)

ഏതാണ്ട് 1,000 സോവിയററ് ശാസ്ത്രകാരന്മാരും വിദേശനാട്ടുകളിൽനിന്നുള്ള പതിനേഴ 150 ശാസ്ത്രകാരന്മാരും സോവിയററ് സയൻസിൻെറ പിറവിയുടെ 220-ാം വാർഷികദിനം കൊണ്ടാടുന്നതിന്നായി മോസ്കോവിൽ അക്കാഡമി ഓഫ് സയൻസ് ഏർപ്പെടുത്തിയ വിശേഷ സമ്മേളനത്തിൽ പങ്കെടുക്കുകയുണ്ടായി. അമേരിക്ക, ബ്രിട്ടൻ, കനഡ, ചൈന, ഇന്ത്യ, ആസ്ത്രേലിയ, പോളണ്ട്, ചെക്കോസ്ലോവാക്യ, യൂഗോസ്ലാവ്യ, ബൾഗേറിയ, റുമേനിയ, തുടങ്ങിയ രാജ്യങ്ങളിൽനിന്നുവന്ന സഹപ്രവർത്തകന്മാരെ സ്വാഗതം ചെയ്യാൻ സാധിച്ചതിൽ ഞങ്ങൾക്കു അപാരമായ സന്തോഷമുണ്ട്. കഴിഞ്ഞ രണ്ടു ശതാബ്ദങ്ങളോളമായി ഞങ്ങളുടെ നാട്ടിൽ ശാസ്ത്രത്തിന്നുണ്ടായ അഭിവൃദ്ധി എത്രമാത്രമാണെന്നു നേരിട്ടു കണ്ടറിയുന്നതിന്നു അവക്കും ഈ ആഘോഷം മൂലം ഒരു സന്ദർഭം ലഭിച്ചു.

1725 ലാണ് പീററർ ഒന്നാമൻ റഷ്യൻ അക്കാഡമി ഓഫ് സയൻസ് സ്ഥാപിച്ചതു്. ആദ്യകാലങ്ങളിൽ അതിലുണ്ടായിരുന്ന ഒരംഗമായിരുന്ന ഒരു മുക്കുവൻെറ മകനും, ക്രമേണ ഒരു സമുന്നതപദത്തിലേയ്ക്കു എത്തിയ ആളുമാണ് മിക്കെയിൽ ലൊമൊണൊസോവ്. കെമിസ്ട്രി, ജോഗ്രഫി, ജ്യോതിശ്ശാസ്ത്രം, ഭാഷാശാസ്ത്രം എന്നി വിവിധശാസ്ത്രീയ വിഭാഗങ്ങൾ ഇദ്ദേഹത്തിൻെറ സമ്പർക്കംമൂലം സമ്പന്നമായിട്ടുണ്ട്. റഷ്യയുടേയും പാസഫിക്കിൻേറയും കിഴക്കും, വടക്കുകിഴക്കുമായി അനവധി ഭൂമിശാസ്ത്രപരമായ കണ്ടുപിടുത്തങ്ങൾ ഉണ്ടായി ഉദാഹരണമായി, അമേരിക്കയുടെ വടക്കുപടിഞ്ഞാറൻ തീരവും, ലാപേ്ടവിർ കടലും, കണ്ടുപിടിച്ചതുതന്നെ എടുക്കാം. 19-ാം നൂററാണ്ടിൽ അക്കാഡമിയുടെ കീഴിലുള്ള സ്ഥാപനങ്ങളുടെ എണ്ണം വർദ്ധിച്ചു.

പഴയ തലമുറകളിലെ അഭിവൃദ്ധികൾ മഹനീയമായിരുന്നുവെങ്കിലും, ശാസ്ത്രം അതിൻെറ സവിശേഷ സാദ്ധ്യതകളെ തികച്ചും വെളിപ്പെടുത്താൻ തുടങ്ങിയതു് സോവിയററു ഭരണം സുസ്ഥാപിതമായതിന്നുശേഷമാണ്. ഇന്നാട്ടിലെ ഉല്പാദനങ്ങളേയും പ്രകൃതിവിഭവങ്ങളേയും കുറിച്ചു പഠിക്കുന്നതിന്നു വ്ലാഡ്മീർ ലെനിനും, ജോസഫ് സ്ററാലിനും ശാസ്ത്രകാരന്മാരുടെ സേവനങ്ങളെ വിനിയോഗിച്ചു. സംസ്കാരത്തിലും സാങ്കേതികരീതിയിലും പരിപൂർണ്ണമായും ശാസ്ത്രം ഉപയോഗിക്കാൻ തുടങ്ങി. ശാസ്ത്രീയലോകത്തിൽ അത്യുന്നതമായ ഒരു സ്ഥാനം റഷ്യക്കു നേടാൻ സാധിച്ചതിൽ ഞങ്ങൾക്കു ശാസ്ത്രകാരന്മാക്കു വേണ്ടത്ര അഭിമാനിക്കാവുന്നതാണ്.

35 കൊല്ലങ്ങൾക്കു മുമ്പു അക്കാഡമിയിൽ 47 അംഗങ്ങൾ മാത്രമേ ഉണ്ടായിരുന്നുള്ളു. കൂടാതെ 212 ശാസ്ത്രീയ പ്രവർത്തകന്മാരും, അവരുടെ ഉപയോഗത്തിന്നായി 5 ലാബട്ടറികളും അഞ്ചു മ്യൂസിയങ്ങളും 15 കമ്മിററികളും ഉണ്ടായിരുന്നു. ഇന്ന് അക്കാഡമി (ഓഫ് സയൻസ്) യിൽ 3 ഓണററി അംഗങ്ങളും—ഇതിൽ അദ്ധ്യത്തെ ആൾ ജോസഫ് സ്ററാലിനാണ്-- 137 അംഗങ്ങളും 200 കറസ്പോണ്ടിങ്ങ് മെമ്പർമാരും, 4,000 ശാസ്ത്രീയ പ്രവർത്തകന്മാരും ഉണ്ട്. അതിൻെറ യന്ത്രണത്തിലാവട്ടെ 53 ഗവേഷണ സ്ഥാപനങ്ങളും 16 ലാബർട്ടറികളും, 35 സ്റേറഷനും, 35 കമ്മീഷനും 15 മ്യൂസിയവുമുണ്ട്

ജോർജ്ജിയ, അർമിനിയ, ഉസ്ബക്കിസ്ഥാൻ, അസെർബജാൻ തുടങ്ങിയ സോവിയററ് റിപ്പബ്ലിക്കുകളിൽ സ്വതന്ത്ര്യമായ അക്കാഡമികൾ ഉണ്ട്. മററു റിപ്പബ്ലിക്കുകളിലെ സമ്പദ്വിഭവങ്ങളെപ്പററിയും സംസ്കാരികാഭിവൃദ്ധിയെക്കുറിച്ചും യു. എസ്. എസ്. ആറിലെ അക്കാഡമി പഠിച്ചുവരുന്നു. ലോകത്തിലുള്ള എല്ലാ കെമിക്കൽസും സോവിയററ് യൂനിയനിൽ കാണാം. ലോകത്തിലെ ഏററവും മികച്ച പൊട്ടാഷ്യം, ഉപ്പ്, നിക്കൽ, കോബാൾട്ട്, ബാക്സൈററ് മുതലായ ഈയിടെയായി സോവിയററു ശാസ്ത്രകാരന്മാർ കണ്ടുപിടിച്ചു.

യുദ്ധകാലത്തു സോവിയററു ശാസ്ത്രകാരന്മാർ അവരുടെ രാജ്യത്തിന്നും മനുഷ്യത്വത്തിന്നുംവേണ്ടി ചെയ്ത സേവനം അനുമോദനാർഹമാണ്. ഞങ്ങളുടെ സകല നൈപുണികളും ശക്തികളും ഒരേ ഒരു ലക്ഷ്യത്തിലേയ്ക്കായി വിനിയോഗിച്ചു. നാസികളെ ശീഘ്രത്തിൽ തോല്പിക്കുന്നതിന്ന് സഹായിച്ച സോവിയററ് ശാസ്ത്രകാരന്മാർ ഇന്ന് അന്നാട്ടിലെ ജനങ്ങളോടൊപ്പവും, മററു രാഷ്ട്രങ്ങളോടൊപ്പവും വിജയം ആഘോഷിച്ചുവരുന്നു. സോവിയററ് ശാസ്ത്രകാരന്മാരുടെ വമ്പിച്ച സേവനത്തെ അന്നാട്ടുകാർ തികച്ചും അറിഞ്ഞഭിനന്ദിച്ചിട്ടുണ്ട്. ജൂൺ 10-ാംനു സോവിയററ്. ഗവർമ്മെണ്ട് അക്കാഡമിയിലെ, 13 അംഗങ്ങൾക്കു "ഹീറോ ഓഫ് സോഷ്യലിസ്ററ് ലേബർ" എന്ന ബഹുമതി നൽകി. ഒരു വമ്പിച്ച വിഭാഗം ശാസ്ത്രീയപ്രവർത്തകന്മാക്കു മററു പല ബിരുദങ്ങളും നൽകപ്പെട്ടു. സോവിയററ് നാട്ടിൽ ശാസ്ത്രകാരന്നുള്ള സ്ഥാനം എത്രമേൽ സ്തുത്യർഹമാണെന്ന് ഈ സംഗതികൾ വിളിച്ചു പറയുന്നു. അക്കാഡമിയുടെ വാർഷികയോഗത്തിൽ അതിൻെറ 220 വർഷത്തെ സേവനത്തെപ്പററി പര്യാലോചിക്കുകയും പല ശ്രദ്ധേയങ്ങളും, വിജ്ഞാനപ്രദങ്ങളുമായ പ്രസംഗങ്ങൾ അവിടെ വായിക്കപ്പെടുകയും ചെയ്തു. അക്കാഡമിയിലുൾപ്പെട്ട സ്ഥാപനങ്ങളെപ്പററി മനസ്സിലാക്കുന്നതിന്ന് സന്ദർശകന്മാക്കു സൌകര്യപ്പെടുത്തിയിരുന്നു. അതിന്നുവേണ്ടി ഒരു പ്രത്യേക പ്രദർശനംതന്നെ ഉണ്ടായിരുന്നു. ഈ വാർഷികോത്സവം സോവിയററ് ശാസ്ത്രത്തിൻെറ ചരിത്രത്തിലെ ഒരു മഹൽസംഭവമാണ്.

II

# സോവിയററ് സയൻസിൻെറ വിജയം

(ലെവ് മാനപിലോവ്.)

സോവിയററതൃത്തികളെ കവച്ച് കടന്ന പ്രശസ്തിയോടുകൂടിയ ശാസ്ത്രകാരന്മാരാണ്, അക്കാഡമിയംഗങ്ങളായ അലക്സാന്തർ ബെയ്ക്കോവ്, ഇവാൻ ബാഡിൻ (ഇദ്ദേഹത്തിൻെറ ലേഖനമാണ് ആദ്യത്തിൽ കാണുന്നതു്—യു.സ.പ.) അലസ്കി ബാക്ക്, ഇവാൻ വിനോഗ്രഡോവ്, നിക്കോളെ സെലിൻസ്കി, ട്രോഫിം ലിസൻകൊ, വി. ഒബ്രുഷോവ്, ലിയോൺഓർബെലി, മിക്കെയിൽ പവ്ലോവ്, ഡിമിട്രിപ്രിയാനിഷ്ണിക്കോവ്, അലക്സിഫേവർസ്കി, ഐ. മെഷാനിയോവ്, എൽ. മുക്ഷേലിഷ്വല്ലി തുടങ്ങിയവർ. ഈ 13 പേക്കുമാണ് സോവിയററ് ഗവർമ്മെണ്ട് "ഹീറോ ഓഫ് സോഷ്യലിസ്ററ് ലേബർ" എന്ന ബഹുമതി നൽകിയിട്ടുള്ളതു്. ദേശീയ സാമ്പത്തിക രീതിയെ പുന:സംഘടിപ്പിക്കുന്നതിന്നും സുശക്തമാക്കുന്നതിന്നുമുള്ള സോവിയററു നാട്ടുകാരുടെ പരിശ്രമങ്ങളെപ്പററിയുള്ള ചരിത്രത്തിൻെറ അദ്ധ്യായങ്ങളിൽ ഇവരുടെയോരോരുത്തരുടേയും പേർ മിന്നിത്തിളങ്ങും. ശത്രുവിന്നെതിരായുള്ള വിജയസാദ്ധ്യതയ്ക്കുവേണ്ടി ഇവർ ചെയ്ത സംഭാവന അത്രമേൽ സാരതരവും, സഹായകവുമാണ്. ഭടന്മാർ, തൊഴിലാളികൾ, കൂട്ടുകൃഷിക്കാർ ഇവരോടൊന്നിച്ചു തോളോടുതോൾ ചേർന്നു തങ്ങളുടെ അന്തസ്സിന്നും രാജ്യത്തിൻെറ സ്വാതന്ത്ര്യത്തിന്നുംവേണ്ടി സോവിയററ് ശാസ്ത്രകാരന്മാർ പൊരുതി. ശാസ്ത്രീയപഠനങ്ങളിലും, ഗവേഷണശാലകളിലും ലാബർട്ടറികളിലും, ജനകീയക്ഷേമത്തിന്നുവേണ്ടിയും, സാമ്പത്തികരീതിയുടെ പുഷ്ടിക്കും വികാസത്തിന്നുവേണ്ടിയും, സോവിയററ് യൂനിയൻെറ സൈനികശക്തി ദേശപ്രതിഷ്ഠിതമാക്കുന്നതിന്നുവേണ്ടിയും, ഉള്ള ശ്രമങ്ങൾ ഇവർ നിരന്തരം തുടർന്നുകൊണ്ടേയിരുന്നു. ഈ ശാസ്ത്രകാരന്മാക്ക് നൽകിയ സമ്മാനം അക്കാഡമിയുടെ 220-ാം വാർഷികദിനത്തിലാണ് നൽകപ്പെട്ടത്. ഈ ആഘോഷസംരംഭങ്ങൾ, സോവിയററ് ശാസ്ത്രത്തിൻെറ ഒരു പൊതുപ്രദർശനത്തിന്നുള്ള രംഗമായി മാറി. തങ്ങളുടെ ശാസ്ത്രകാരന്മാരെക്കുറിച്ചു തീർച്ചയായും സോവിയററ് ജനങ്ങൾക്ക് അഭിമാനം കൊള്ളാവുന്നതാണ്.

കഴിഞ്ഞ 60 കൊല്ലമായി അക്കാഡമിഷ്യൻ വ്ലാസ്സിർ ഒബ്രുഷേവ് തൻെറ നാട്ടിലെ മണ്ണിൻെറ ഫലപുഷ്ടിയെപ്പററി പഠിച്ചുകൊണ്ടിരിക്കുയായിരുന്നു. അദ്ദേഹത്തിൻെറ ശാസ്ത്രീയഗ്രന്ഥങ്ങളിൽ വസ്തുസ്ഥിതികളുടെ യഥാർത്ഥവിവരണവും, ശാസ്ത്രീയമായ അഗാധതയും അടങ്ങിയിട്ടുണ്ട്.

സോവിയററ് റഷ്യയിലെ മററു പ്രധാന ശാസ്ത്രകാരന്മാരെപ്പററിയും ഈ അഭിപ്രായം ശരിയാണ്. സയൻസിൻെറ വിവിധശാഖകളിലും അവർ നടത്തിയ ഗവേഷണഫലമായും, നിരന്തരപരിശ്രമഫലമായും, സയൻസിന്നു പല പുതിയ വികാസങ്ങളും ഉജ്ജീവനവും ഓജസ്സും ഉണ്ടായിട്ടുണ്ട്.

ജനങ്ങളുടെ, രാഷ്ട്രത്തിൻെറ സാമ്പത്തിക സാമൂഹ്യവികാസത്തിൻെറ ശാസ്ത്രം—അതാണ് സോവിയററ് ശാസ്ത്രം. തന്മൂലമാണ് സോവിയററ് ജനത അന്നാട്ടിലെ ശാസ്ത്രകാരന്മാരേയും, ശാസ്ത്രീയ സ്ഥാപനങ്ങളേയും അത്രമേൽ ആദരിയ്ക്കുന്നതു്. സയൻസിൻെറ വളർച്ചയ്ക്കുവേണ്ടി സോവിയററു ജനത ആവുന്നതും ചെയ്തുവരുന്നു. ഇന്നു സോവിയററു യൂനിയൻ സമാധാനപരമായ ഒരു സൃഷ്ടികാപദ്ധതിയിലേപ്പെട്ടിരിക്കുന്നു. നാസികൾ നശിപ്പിച്ച രാജ്യങ്ങൾ, താറുമാറായ സാമ്പത്തികവിഭവങ്ങൾ, പുതിയ തൊഴിൽശാലകൾ ഇവ നിർമ്മിക്കുകയും പുന:സംവിധാനം ചെയ്യുകയുമാണ് ഇന്നത്തെ പ്രഥമവും പ്രധാനവുമായ ഒരു ജോലി. രാഷ്ട്രത്തിൻെറ സാമ്പത്തികശക്തി വിപുലീകരിക്കുകയും സാദ്ധ്യതകൾ വികസിപ്പിക്കുകയും ചെയ്യുന്നതോടൊപ്പം ശാസ്ത്രീയപുരോഗമനത്തിന്നുള്ള പുതിയ ഉപാധികൾ ഉത്ഭവിച്ചുകൊണ്ടിരിക്കും.

# കുടിലും കൊട്ടാരവും

ബേലാരത്തു ഉമ്മർകുട്ടി സാഹിബ്, ചൊക്ലി.

ദൂരത്തുകാണുമക്കൊച്ചുകുടിലിന്റെ
ചാരത്തൊരുന്നത സൌധമേതോ ?

അംബരചുംബിയാം കന്മതിലിൻ പിമ്പെ
വമ്പെഴും ഹർമ്മ്യമതെത്ര രമ്യം!

പുഞ്ചിരി തഞ്ചുന്ന പിഞ്ചുകിടാങ്ങള
ഞ്ഞാതെ ചാഞ്ചാടീടുന്നുമോദാൽ
മാടി വിളിപ്പൂ ഹാ, മാനുഷമാനസം
തേടുന്ന മേട, തൻ മോടിമൂലം
പച്ച വിരിപ്പു വിരിച്ച പുൽമൈതാനം
നിശ്ചയം നിശ്ചലം നിർമ്മലം താൻ
തങ്കക്കതിരോൻകിരണകരങ്ങളാൽ
സങ്കോചമെന്നിയെ തുന്നിവെയ്ക്കേ,
മിന്നിത്തിളങ്ങും കസവിൻകരകളാൽ
ധന്യമാണീയോമൽ പുൽത്തകിടി.

II

കൊച്ചുകുടിലിലെ പെൺകൊടി നിർമ്മല
പിച്ചക്കാരത്തിയാണിന്നു പാവം,
എന്നാലും നിർമ്മലയപ്പേരിൽ സദ്ഗുണ
മൊന്നായിണങ്ങിയ നിർമ്മല താൻ.

പട്ടിണി തന്നെയാണെപ്പൊഴും കാണുമ്പോ
ളൊട്ടും വയറതിൻ സാക്ഷ്യമത്രേ.

തന്തുവായൻ വരനന്തിയാവോളം മെയ്യു
നൊന്തു പണിപ്പെട്ടാൽ മാത്രംപോലും
കഞ്ഞി കുടിക്കാൻ വകയില്ലിരുവർക്കും!
കുഞ്ഞുങ്ങൾ മിത്രനും ശാരദക്കും
മിത്രനു പ്രായമാറെങ്കിലുമായില്ലാ,
കഷ്ടമുപരിപഠനത്തിന്നായ്

ദാരിദ്ര്യം കാർന്നു കരണ്ട ദിവസങ്ങ-
ളോരോന്നുമങ്ങിനെ നീങ്ങിഴഞ്ഞു.

സന്താപച്ചെന്തീയിലാളിയെരിഞ്ഞവർ;
എന്തൊരു ദുർദ്ദശ പാവം പാർത്താൽ.

ഊണു കഴിക്കുവാനില്ലൊരു കുമ്പിൾ-
ലൂററിക്കുടിക്കുവാൻ കഞ്ഞിമാത്രം
അന്നൊരുനാളിലവൻ ചേർന്നു സമ്മോദം-
സൈന്യത്തിൽ സേവനം ചെയ്യുതിന്നായ്.

ആനന്ദമാർന്നാലും മാതാപിതാക്കളെ;
നൂനമിക്കുഞ്ഞിന്റെയുദ്യമത്തിൽ!

സന്തതം സന്തോഷവാരിതൻ തീരത്തിൽ
സുന്ദരഭാവിയെക്കാത്തിരിപ്പിൻ!

III

അബ്ദങ്ങൾ നാലഞ്ചുരാവും പകലുമാം
പക്ഷം വിരുത്തിപ്പറന്നുപോയി

മിത്രനോ ധീരപരാക്രമശാലിയാം
യോദ്ധാവായ് പോരിങ്കൽ പങ്കെടുത്തു,
വിശ്വസ്ഥ ജോലികൾ ചെയ്കയാൽ മേല്ക്കുമേൽ
വിശ്വാസ്യനായയാൾ രാജ്യമിത്രൻ
മാതാപിതാക്കളും ബന്ധുമിത്രാദിയും
മാനിയാം ബാലനെ കാണുവാനായ്
കാത്തിരുന്നാരയാളെത്തും ദിനമൊരു-
പുത്തൻ പൊന്നോണപ്പിറവിപോലെ

VI

പണ്ടത്തെ കൊച്ചുകുടിലിന്നു; മാറിപ്പോയ്;
പണ്ടത്തെ മേട കുടിലുമായി
സഞ്ചരിച്ചീടുന്ന സൌഭാഗ്യ സമ്പന്ന
മഞ്ചത്തിൽ നിർമ്മല, റാണി പോലെ.

കോമളമാകുമിപ്പൂമേട കാണുമ്പോൾ
കാമിതം കണ്ണും കരളുമൊപ്പം
പട്ടാളസേവനം പാവനമെന്നുമേ-
പട്ടിണി നീക്കുവാനുള്ള മാർഗ്ഗം.

ഒന്നിനും കൊള്ളാതെ നിന്നിരുന്നീടുന്നോർ
മൺപാവപോലെ നിർജ്ജീവരത്രേ.

പാവന സേവനം ചെയ്യു രാജ്യത്തിന്നായ്
ചാവുന്നതുത്തമമെന്നുമെന്നും
ജീവനെപ്പോലുമാ രാജ്യഭക്തിക്കു നാം
ഭാവുകം ഭാവിച്ചു കാഴ്ചവെച്ചാൽ,

ആയതുതന്നെയാണോജസ്സും തേജസ്സു-
മായതുതന്നെ ഹാ ത്യാഗബുദ്ധി

ശുഭം.

# ചിരിയും ചിന്തയും

പല്ലില്ലാത്തവർക്കും ചിരിക്കാൻ കഴിയും; പക്ഷെ, തലച്ചോറില്ലെങ്കിൽ ചിന്തിക്കാൻ സാദ്ധ്യമല്ല.

* * *

തീവണ്ടിയിൽ അവർ രണ്ടുപേരും യാത്രചെയ്യുമ്പോൾ, അയാൾ ചോദിച്ചു: "നിങ്ങൾ പുരോഗമനത്തിൽ വിശ്വസിക്കുന്നുണ്ടോ ?"

മററയാൾ "കണ്ണുണ്ടായിട്ടും കാണുന്നില്ല. യേശുക്രിസ്തു പറഞ്ഞതു് എത്രമാത്രം സാർത്ഥമാണെന്നു എനിക്കിപ്പോൾ തികച്ചും ബോദ്ധ്യമായി."

"ഉം, അതെന്താണ് നിങ്ങൾ ഒരു കത്തോലിക്ക് മതക്കാരനെപ്പോലെ ബൈബിൾ ഉദ്ധരിക്കുന്നതു് ?"

"നോക്കൂ, വണ്ടിയിൽ ഞാൻ കയറിയതുതന്നെ പുരോഗമനത്തിൽ വിശ്വസിച്ചിട്ടാണ്. എന്നിട്ട് വണ്ടിയിൽ നിങ്ങളോടൊപ്പംതന്നെ പുരോഗമിക്കുന്ന എന്നെ കാണാൻ നിങ്ങൾക്കു കണ്ണുണ്ടായില്ല."

* * *

ജപ്പാനിൽ ബുദ്ധമതമാണ്, അതുകൊണ്ട് ഇന്ത്യയുമായി ജാപ്പുകൾക്കു ഒരു സാംസ്കാരിക ബന്ധമുണ്ടെന്നു ചിലർ പണ്ടൊക്കെ പറഞ്ഞു നടന്നിരുന്നു. പക്ഷെ അവരിൽ വേണമെങ്കിൽ ഹിന്തുമതത്തിന്റെ ഛായയും കാണാം. അവർ കുരങ്ങുകളെ പോരിന്നുപയോഗിച്ചതു്, രാമായണത്തിലെ ഫീൽഡ് മാർഷൽ ഹനുമാന്റെ കൂട്ടരെപ്പററി വായിച്ചിട്ടാവില്ലെന്നാരറിഞ്ഞു ?

എന്നിട്ടും ഇതെപ്പററി അഞ്ചാം പത്തിക്കാരെന്തേ ഒന്നും മിണ്ടാതിരിപ്പാൻ ?

* * *

"സമരസാഹിത്യത്തെപ്പററി 'യുദ്ധസഞ്ചികാ'രണഭൂവിൽവെച്ചു നടന്ന സമരത്തിൽ ആരാണ് ജയിച്ചതു് ?" എന്ന് ഒരു മാന്യൻ എഴുതിച്ചോദിക്കുന്നു.

ആരും ഇതേവരെ നിരുപാധികമായി കീഴടങ്ങാത്ത നിലക്കു ഞങ്ങളെന്താണ് പറയേണ്ടതു് ?

'യുദ്ധസഞ്ചിക'യിൽ ഒരു ത്രിമൂർത്തി സമ്മേളനം നടന്നാൽ അതു കാര്യത്തെ ഒരുപക്ഷെ വേഗം അവസാനിപ്പിച്ചേക്കാം.

* * *

"'ചിരിയും ചിന്തയിലും' 'ചിരിയുമില്ല,' 'ചിന്തയുമില്ല'" ഒരാൾ ആവലാതിപ്പെടുകയാണ്.

ആ സാറിന്നു അല്പം ചിന്തമാത്രമുണ്ടായിരുന്നെങ്കിൽ!

(8-ാം പേജിൽനിന്നു തുടർച്ച)

III

# പാരമ്പര്യങ്ങളും നേട്ടങ്ങളും

(സെമൻ കനെവസ്ക്കി.)

"റഷ്യൻ ശാസ്ത്രത്തിൽ ഫിസിക്കൽ സയൻസിന്നു ഒരു പ്രത്യേക ചരിത്രമുണ്ട്" അലക്സാന്തർ ഫ്രംകിൻ പറഞ്ഞു തുടങ്ങി. ഫ്രംകിൻ, അക്കാഡമിയിലെ ഒരംഗവും, പല ശാസ്ത്രീയ പഠനത്തിലും കണ്ടുപിടുത്തത്തിലും പേരെടുത്ത ഒരു പണ്ഡിതനുമാണ്. "അദ്ദേഹത്തെ വാർഷിക സമ്മേളനത്തിന്നു മോസ്കോവിൽ വന്നപ്പോൾ എനിക്കു കാൺമാൻ സാധിച്ചു." അദ്ദേഹം ഇങ്ങിനെ തുടർന്നു, "ഫിസിക്കൽ സയൻസ് റഷ്യൻ അക്കാഡമിയിൽ ഒരു സ്വതന്ത്ര ശാസ്ത്രീയശാഖയെന്ന നിലയിൽ വളർന്നു. അതിന്റെ സ്ഥാപകൻ പ്രഖ്യാതറഷ്യൻ ശാസ്ത്രകാരനായ മിക്കെയിൽ ലൊമൊണൊസോവ് അല്ലാതെ മററാരുമല്ല. 1752 ൽ യൂറോപ്പിൽ ഇതറിയപ്പെടുന്നതിന്നു ഒരു നൂററാണ്ടു മുമ്പെതന്നെ ലൊമാണോസോവ് പിറേറഴ്സ്ബർഗ്ഗിലെ വിദ്യാർത്ഥികൾക്കു യഥാർത്ഥ ഫിസിക്കൽ കെമിസ്ട്രിയെപ്പററി പാഠങ്ങൾ നല്കിക്കൊണ്ടിരുന്നു. തികഞ്ഞ ദീർഘദൃഷ്ടിയോടെ അദ്ദേഹം അന്ന് പല സംഗതികളും പ്രവചിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ പാഠങ്ങൾ ഇന്നും ആരിലും സൈദ്ധാന്തിക താല്പര്യം ജനിപ്പിക്കുന്നവയാണ്. അതിനാൽ, ഓസ്വാഡ്, ലെപ്സിങ്ങ് സർവ്വകലാശാലാ വിദ്യാർത്ഥികളോടു പ്രസംഗങ്ങൾ നടത്തിയിരുന്ന അവസരത്തിൽ, 1886 ലാണ് ഫിസിക്കൽ സയൻസ് ഉത്ഭവിച്ചതെന്നു പറയുന്നതു് അബദ്ധമാണ്.

ഇതുകൂടാതെ ഡിമിട്രി മെൺഡിലെയേവ് **Periodic Law of Elements** കണ്ടുപിടിച്ചു. ഈ അംശകങ്ങളെ (**Elements**) പ്പററിപ്പലതും അന്ന് പ്രവചിക്കുന്നതിന്നു അദ്ദേഹത്തിന്നു സാധിച്ചു. അവയെല്ലാം പിന്നീടു കണ്ടുപിടിക്കപ്പെടുകയും ചെയ്തു. പദാർത്ഥങ്ങളുടെ (**matter**) ഘടനയേയും, ഉള്ളടക്കത്തേയുംപററിയുള്ള പരിശോധനകൾക്കു വളരെ പ്രയോജനകരമായ ഒന്നാണ് മെൻഡിലെയേവിന്റെ **Periodic Law of Elements.**"

ഫിസിക്കൽ കെമിസ്ട്രിയെ ഇന്നത്തെ നിലയിൽ എത്തിക്കുന്നതിന്നു ശ്രമിച്ച മററു പല റഷ്യൻ ശാസ്ത്രകാരന്മാരെപ്പററിയും അദ്ദേഹം പ്രസ്താവിക്കയുണ്ടായി. സോവിയററ് ഭരണസ്ഥാപനത്തിന്നുശേഷം ഉണ്ടായ അഭൂതപൂർവ്വമായ പുരോഗമനത്തെ അദ്ദേഹം എടുത്തു പറഞ്ഞു. "വിപ്ലവത്തിന്നു മുമ്പ്, അക്കാഡമിയിൽ കെമിസ്ട്രി പ്രതിനിധീകരിക്കുന്നതിന്നു മൂന്നംഗങ്ങൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ; അവർക്കു ഗവേഷണത്തിന്നും മററു ശാസ്ത്രീയ വേലകൾക്കുമായി ഒരു കൊച്ചു ലാബരട്ടറിയും. ഇപ്പോൾ അലക്സാൺ ബാകിന്റെ നേതൃത്വത്തിൽ ഇന്നു ഒരു വമ്പിച്ച ലാബർട്ടറിയും, കെമിസ്ട്രിയെ പ്രതിനിധീകരിക്കുന്നതിന്നു അക്കാഡമിയിൽ 17 അംഗങ്ങളുമുണ്ട്. വിപ്ലവത്തിന്നു മുമ്പു കെമിക്കൽ വിദ്യാഭ്യാസത്തിന്നു വളരെ പ്രചാരമുണ്ടായിരുന്നില്ല. സോവിയററ് രീതിക്കു ശേഷം ഉയർന്ന വിദ്യാലയങ്ങളിൽനിന്നു കെമിസ്ട്രിയിൽ വൈദഗ്ദ്ധ്യം നേടിയ അനവധി വിദ്യാർത്ഥികൾ പുറത്തുവരാൻ തുടങ്ങി, തല്ക്കാരണമായി പ്രബലമായ ഒരു കെമിക്കൽ വ്യവസായം സംജാതമായി. ഇക്കഴിഞ്ഞ യുദ്ധകാലത്തു യുദ്ധസംബന്ധമായ പല പ്രശ്നങ്ങളും സോവിയററ് ശാസ്ത്രകാരന്മാർ പരിഹരിക്കയുണ്ടായി.

ഇപ്പോൾ ഹിററ്ലരുടെ ജർമ്മനി നശിച്ചുകഴിഞ്ഞു. സോവിയററ് ശാസ്ത്രകാരന്മാർ യുദ്ധം കൊണ്ടു മുറിപ്പെററ രാജ്യത്തിന്റെ പരുക്കുകൾ ഉണക്കുന്നതിന്നു ശ്രമിക്കുന്നതാണ്.". പ്രൊഫസ്സർ എ. ഫ്രംകിൻ ഇങ്ങിനെ ഉപസംഹരിച്ചു.

ചെറുകഥ

# പ്രേമത്തിൻെറ പ്രേതബാധ

കെ. സി. കെ. പണിക്കർ

"ആ മഹാരാഷ്ട്ര ദേശത്തിലെ കുളിർകാലം. അന്ന് മഴ കഠേശയായി പൊടിഞ്ഞുപെയ്യുകൊണ്ടിരുന്നു. പച്ചപിടിച്ച മലയോരങ്ങൾ, ചെറു കുന്നുകൾ, മേടകൾ, വെള്ളം കുത്തിയൊലിച്ചു ചാടുന്ന ചെറു ചോലകൾ, അങ്ങിങ്ങായ് കാണുന്ന ചില മുൾച്ചെടികൾ, ശക്തിയായടിക്കുന്ന കുളിർകാററ്. അപ്പോൾ എനിക്കോർമ്മ വന്നതു് 'തീയ്യിന്നു ചുററും 'ചുളിഞ്ഞു ചുരുണ്ട് കൂടുന്ന' പാവങ്ങളുടെ ചെറുകുടിലുകളെയാണ്. താങ്കളാണെങ്കിൽ ഈ വിധമുള്ള പ്രകൃതി എന്തൊരു ആവശ്യത്തിന്നായ് ഉപയോഗിക്കും ?" ഇങ്ങിനെ രവി ഒരു ചോദ്യത്തോടെ കഥ തുടർന്നു.

"ആയുധധാരികളായി ഒരു സുദീർഘമായ യാത്രക്കു പന്ത്രണ്ടു മണിയോടുകൂടി മടങ്ങണം എന്ന ഉദ്ദേശത്തോടുകൂടി ഞങ്ങൾ പുറപ്പെട്ടു. അതിനാൽ ഭക്ഷണസാമഗ്രികൾ യാതൊന്നും എടുത്തിരുന്നില്ല. ഒരു ഗ്ലാസ് ചായയും ഒരു പൂരിയും, അതായിരുന്നു ഞങ്ങൾ അന്നു കഴിച്ചിരുന്ന ഭക്ഷണം. മാർഗ്ഗമദ്ധ്യത്തിൽ എവിടെയെങ്കിലും കുറച്ചിട നില്ക്കുവാൻ പരിതസ്ഥിതി അനുകൂലിക്കുമായിരുന്നില്ല. വിജനമായ കുന്നുകളും മേടപ്രദേശങ്ങളും, ചതുപ്പു നിലങ്ങളും വെള്ളം കുത്തിയൊലിക്കുന്ന ചെറുചോലകളും പിന്നിട്ട് കുറച്ചു ദൂരം പോയാൽ 10 നിമിഷം ചില മരങ്ങളുടെ ചുവട്ടിൽ നില്ക്കും. പക്ഷെ ഞങ്ങൾക്കു ദാഹിക്കുവാൻ തുടങ്ങി. ആ കുളിർകാലത്തിലും ദാഹം കൊണ്ടു കൊണ്ടുപോയിരുന്ന വെള്ളം തീർന്നുകഴിഞ്ഞു. വിശപ്പുകൊണ്ടും ദാഹത്താലും ഞങ്ങൾ തുലോം ക്ഷീണിച്ചിരുന്നു. ചതുപ്പു നിലങ്ങളിൽ ചവുട്ടിയാൽ മറെറാരടി വെക്കുവാൻ സാധിക്കുന്നതല്ല. മാത്രമല്ല കാലെടുത്താൽ പൊക്കുവാൻ സാധിക്കാത്തവിധം മണ്ണും പിടിച്ചു തുടങ്ങി. ചുരുങ്ങിയതു് 8 നാഴിക നടന്നു കഴിഞ്ഞു. ഇനിയും പ്രാപ്യസ്ഥാനത്തെത്തുവാൻ 5 നാഴികകൂടിയുണ്ടെന്ന് നായകൻ പറഞ്ഞപ്പോൾ ഞങ്ങൾ നിർജ്ജീവരായി എന്നു തന്നെ പറയാം. അഞ്ചോ പത്തോ നാഴികകൂടി നടക്കുവാൻ വിഷമമില്ല. പക്ഷെ, കേമ്പിൽ തിരിച്ചെത്തണമെങ്കിൽ അത്രതന്നെ വഴി വീണ്ടു പിന്നോട്ടും നടക്കേണം. ആ ചിന്ത ഞങ്ങളെ അസ്വാസ്ഥ്യപ്പെടുത്തി. ഞങ്ങളുടെ കർത്തവ്യം ഞങ്ങൾക്കു ഓർമ്മ വന്നു. പൂർവ്വാധികം ഉശിരോടെ ഞങ്ങൾ നടന്നുതുടങ്ങി. മനസ്സിനൊത്തു് ദേഹം സമ്മതിക്കാതായി. ധരിച്ചിരുന്ന ഓരോ വസ്തുക്കളും ഓരടിക്കു ഒരു പൌണ്ട് വീതം വന്നുകൂടുന്നുണ്ടോ എന്നുകൂടി തോന്നിത്തുടങ്ങി. അപ്പോഴേക്കും മഴമാറി ഒരു ഒളിവെയിലെങ്ങും പ്രകാശിച്ചു. ഞങ്ങൾ ഒരു മേടയിൽ, വിശാലമായ പുൽപ്പരപ്പിൽ എത്തി. നായകൻ കല്പിച്ചു ഇനിയും നാലു നാഴികകൂടെ നടക്കേണ്ടതുണ്ടെന്നു് ഒരാൾ തലതിരിഞ്ഞു് നിലത്തിരുന്നു. അതൊരു മലയാളിയായിരുന്നു അയാളുടെ സകല സാധനങ്ങളും ഞാനെടുക്കുവാൻ നിർബ്ബന്ധിതനായി. വിഷമമുള്ളവർ അവിടെയിരിക്കുവാനും മററുള്ളവർ അദ്ദേഹത്തെ അനുഗമിപ്പാനുമായി രണ്ടാമതു ഒരു ഞരവുകൂടി നായകനിൽനിന്നു പുറപ്പെട്ടു. ഞങ്ങൾ ഏഴുപേർ അദ്ദേഹത്തെ അനുഗമിച്ചു. സമയം ഒരു മണി ആയിരിക്കും. ഞങ്ങൾ പ്രാപ്യസ്ഥാനത്തെത്തി. മനോഹരമായ ഒരു താഴ്വാരത്തിലുള്ള ഭാവാനി ക്ഷേത്രമായിരുന്നു അതു. കുറച്ചുനേരം ക്ഷീണം തീർത്തതിന്നുശേഷം തിരിഞ്ഞു മററുള്ളവരെ സമീപിച്ചു. അവരിൽ നാലുപേർ ആയുധങ്ങളും മററും കാത്തിരുന്നിരുന്നു. മററുള്ളവർ ആ പുൽപ്പരപ്പിൽ നിരയിൽ നിലീനരായി കാണപ്പെട്ടു. നായകൻെറ ശബ്ദശ്രവണമാത്രത്തിൽ എല്ലാവരും ഞെട്ടിയുയർന്നു. ക്ഷീണവശഗനായ എൻെറ സുഹൃത്തിൻെറ റൈഫിളും ഞാൻതന്നെയാണ് എടുത്തിരുന്നതു്. ഒരാളുടെ സാമഗ്രികൾതന്നെ എടുത്തു നടക്കുവാൻ പ്രയാസമായിരുന്ന അതേസമയത്തു രണ്ടുപേരുടെ സാമാനങ്ങൾ എടുക്കേണ്ടിവരുമ്പോൾ എന്തായിരിക്കും സ്ഥിതി! ഞാനെൻെറ സംഘത്തോടൊപ്പം അനുഗമിച്ച് നടക്കുവാൻ വിഷമിതനായി. സാവധാനത്തിൽ വന്നാൽ മതിയെന്നു നായകൻെറ ഉത്തരവു കിട്ടി. കൂട്ടുകാർ ദൂരെ അവർ ഒന്നു രണ്ടു കുന്നുകളിറങ്ങിക്കഴിഞ്ഞു. ഞാനാണെങ്കിൽ ഒരു മേടയുടെ ഒരു ഭാഗത്തുനിന്നു മറുഭാഗമെത്തിക്കഴിഞ്ഞിട്ടില്ല. ശരിയായ മാർഗ്ഗനിർണ്ണയത്തിന്നുകൂടി ഞാൻ വിഷമിച്ച് നിരവധി കുന്നുകളിറങ്ങിക്കയറി. ഒടുവിൽ ഒരു വലിയ കുന്നിൻമുകളിൽ കയറി ചുററുപാടും നോക്കി. അതിദൂരവർത്തിയായ എൻെറ ചെറിയ ടെൻറുകളെ നിക്കുദൃഷ്ടിഗോചരമായി. എനിക്കു തല ചുററുന്നുണ്ടെന്നു് അനുഭവപ്പെട്ടു. അടുത്തു വല്ല ചെറുകുടിലുകളുമുണ്ടെങ്കിൽ അവിടെപ്പോയി വെള്ളം മേടിച്ചു കുടിക്കാമെന്ന് അശാഭരിതനായ് ഞാൻ ചുററിലുമൊന്നു കണ്ണോടിച്ചു. അപ്പോൾ ഒരു സംഘം കന്യകമാർ തടാകത്തിൽനിന്നും ജലമെടുത്തു ഞാൻ നിന്നിരുന്ന മേടയുടെ താഴ്വരയിലേക്കു വരുന്നതു കണ്ടു. എനിക്കു വലുതായ ഉന്മേഷം തോന്നി. എന്നാൽ അവരോടെങ്ങിനെ ജലം ചോദിക്കും? അനവധി പേരുള്ളതിനാൽ അവരെന്നെ കണ്ടു ഭയപ്പെടില്ലായിരിക്കാം. പക്ഷെ എൻെറ വേഷത്തെ കണ്ട് അവർ പുച്ഛിക്കുമായിരിക്കും. ഒരു ഹാസ്യരസത്തോടെ വീക്ഷിക്കും. അവരുടെ മറാട്ടി ഭാഷയിലെന്നെ അവഹസിച്ചാലോ!"

ഞാൻ ഇടയ്ക്കുകയറി ചോദിച്ചു : "രവി എന്താണിതിൻെറ അർത്ഥം ? അവർ പുച്ഛിക്കുമെന്നും അപഹസിക്കുമെന്നും മററും അട്ടത്തുചെല്ലുന്നതിന്ന് മുമ്പെ എങ്ങിനെ തീർച്ചയാക്കി ?"

"അതിലത്ഭുതമില്ല." ആയാൾ തുടർന്നു : "നമ്മുടെ നാട്ടിൽ ചിലക്ക് പട്ടാളം എന്നാൽ പുച്ഛരസമല്ലെ ? താങ്കൾക്കതറിയില്ലായിരിക്കാം. എന്നോടു തന്നെ എന്തിന്നിതിലെല്ലാം ചെന്ന് പെട്ടു എന്നു എത്രപേർ ചോദിച്ചിട്ടുണ്ട് ? ആവട്ടെ കഥ തുടരട്ടെ.

ഒരുവിധത്തിൽ മേടവിട്ടിറങ്ങി സധൈര്യം മുന്നോട്ടു ചെന്നു. അവരെല്ലാവരും അനുകമ്പാർദ്രദൃഷ്ടികളോടെ എന്നെ വീക്ഷിച്ചു. ഹിന്ദിഭാഷയിൽ ഞാൻ കൈമുദ്രയോടെ കുറച്ചു വെള്ളം കുടിക്കുവാൻ ചോദിച്ചു. നിറകുടങ്ങളിൽനിന്നു വെള്ളം എങ്ങിനെ കുടിക്കുവാനൊഴിക്കും! അതും വിഷമം. അവരെന്നെ അവരുടെ കുടിലിലേക്കു ക്ഷണിച്ചു. ഞാനവരെ അനുഗമിച്ചു. അവർ ധനികരല്ലെങ്കിലും മനോഹരമായ ഒരു ജീവിതത്തെയാണ് നയിച്ചിരുന്നതു് എന്നു പ്രഥമവീക്ഷണത്തിൽ തന്നെ എനിക്കു തോന്നി. ആ വീട്ടിൽ പ്രായം ചെന്നതായ ഒരാൾ ഒരു പലകയിലിരുന്നിരുന്നു. അവിചാരിതവും അപൂർവ്വവുമായ എൻെറ ആഗമനവൃത്താന്തം സ്ത്രീകൾ പറഞ്ഞു ധരിപ്പിച്ചു. സ്നേഹം കവിഞ്ഞൊഴുകുന്നതും അനുകമ്പാപരവും ആയ നോട്ടത്തോടെ എനിക്കിരിക്കുവാൻ കൈകൊണ്ടു പൊടി തുടച്ചു ഒരു പലക അവർ തന്നു. ക്ഷീണം അതികലശലായുണ്ടായിരുന്നതിനാൽ ഉടൻതന്നെ ഞാനിരുന്നു. എന്തൊക്കയോ ആ കിഴവൻ മറാട്ടിയിൽ പറയാൻതുടങ്ങി. 16 വയസ്സിൽ അധികം പ്രായമില്ലാത്ത ഒരു പെൺകുട്ടി ഒരു വലിയ ഗ്ലാസ് നിറയെ പാലും മറെറാരു പാത്രത്തിൽ ജലവും കൊണ്ടുവന്നു ലജ്ജയോടെ എൻെറ അരികിൽനിന്നു. ഞാൻ സസന്തോഷം അതു സ്വീകരിച്ചു. കിഴവൻ ചപ്പാത്തികൊണ്ടുവരട്ടയോ എന്നും മററും ചോദിച്ചു. ആ കുട്ടിയുടെ പേർ സുമതി എന്നാണെന്നു എനിക്കു മനസ്സിലായി. അപ്പോഴേക്കു വേറെ നാലുപേർ അവിടെക്കു വന്നു. അവരാഗൃഹത്തിലുള്ളവരായിരുന്നു. ഒരാൾക്കു ഏകദേശം എൻെറ പ്രായമുണ്ടായിരുന്നു. മററുള്ളവർ 30, 40 വയസ്സായവരാണ്. എല്ലാവരും വന്നു എൻെറ ചുററും നില്പായി. ഞാൻ ആ സുമതിയിലും മനസ്സു പതിപ്പിച്ചു. കുറച്ചു സമയത്തെ സംഭാഷണങ്ങൾക്കുശേഷം ഞാനെഴുന്നേററു യാത്രോദ്യുക്തനായി. കിഴവൻ ആ ചെറുപ്പക്കാരനോട് സ്വൽപവഴിക്കു കേമ്പിന്നടുത്തുവരെ അനുഗമിക്കുവാൻ പറഞ്ഞു. എന്നിൽനിന്ന് കുറെ സാധനങ്ങൾ അയാൾ മേടിച്ചു. ഒരുകാലത്തും ഞാനാ ചെറു കുടിലുകളും ആ ചെറുപ്പക്കാരനേയും (ദേശപാണ്ഡെ എന്നാണയാളുടെ പേർ) മറക്കുന്നതല്ല."

"ഞാനാകുടിൽ വിട്ടുന്ന സമയത്തു എല്ലാവരും എന്നെ നോക്കിക്കൊണ്ടുതന്നെനിന്നു. സുമം ഒരു തൂണിൽ ഇടത്തെ ചുമൽവെച്ചു അല്പം ചെരിഞ്ഞ ശിരസ്സോടെ നോക്കിയ ആ വിഷാദകലുഷമായ നോട്ടം, അതെനിക്കു മറക്കുവാൻ വയ്യ. 7½ മണിക്കു ഞാനെൻെറ കേമ്പിലെത്തിച്ചേർന്നു. എത്ര വിഷമിച്ചാലും വേണ്ടില്ല ഞാൻ പിന്നീടു മൂട്ട മാർച്ച് ഉണ്ടാകട്ടെ എന്നു പലപ്പോഴും പ്രാർത്ഥിച്ചിരുന്നു. എന്നാൽ ആ വഴിക്കു പോവുന്നതിന്നോ സുമത്തെ കാണുന്നതിന്നോ അസാദ്ധ്യമായി. ദിവസംപ്രതി സുമത്തിനെപ്പററിയുള്ള വിചാരം എന്നെ വല്ലാതെ വിഷമിപ്പിച്ചു."

"അതിരിക്കട്ടെ. അതു പ്രകൃതിയാണ്. നല്ല കുട്ടികളെ കണ്ടാൽ ആരും നോക്കും, ചിരിക്കും. എനിക്കതിലല്ല, അനുഭാവമാദനാ അവരുടെ ആ സ്വഭാവത്തിലാണ്. നമ്മുടെ നാട്ടിൽ അങ്ങിനെ അറിയാത്ത ഒരാൾ വന്നാൽ പച്ചവെള്ളംകൂടി കൊടുക്കില്ല." ഞാൻ പറഞ്ഞു.

"അതൊരു വലിയ ചരിത്രമാണ്." ആയാൾ വീണ്ടും തുടർന്നു.

അവിചാരിതമായ് ഞങ്ങൾക്കു പെട്ടെന്നു ബോംബെക്കു പോകേണ്ടതായി വന്നു. ബോംബെവാസം ഒരു വലുതായ അനുഗ്രഹമായിരുന്നു. സമയം പോയിരുന്നതേ അറിഞ്ഞിരുന്നില്ല. രാത്രിയിൽ ചിലപ്പോൾ സുമത്തെപ്പററിയുള്ള ചിന്ത വരാറുണ്ട്. ക്രമേണ അതും മനസ്സിൽനിന്നകന്നു. ഞങ്ങൾ യൂറോപ്പിലേക്കു യാത്രയാവുകയും ചെയ്തു. ദിനരാത്രങ്ങൾ, മാസങ്ങൾ, വർഷങ്ങൾ പോയിക്കൊണ്ടേയിരുന്നു. സ്വദേശവൃത്താന്തം അറിയുവാനുള്ള ആഗ്രഹത്തിൽ എഴുത്തും വർത്തമാനപത്രികയും വരുന്നതു നോക്കിക്കൊണ്ടേയിരിക്കും. വിദൂരത്താണെങ്കിലും മനോഹരമായ ജീവിതമാണു നയിച്ചിരുന്നതു്. പലപ്പോഴും ഞങ്ങൾ ശത്രുപക്ഷക്കാരാൽ വളയപ്പെട്ടിട്ടുണ്ട്. എന്നാൽ ഭയം എന്തു് ഞങ്ങൾ അറിഞ്ഞിട്ടേയില്ല. യുദ്ധം ചെയ്യുന്ന നമ്മുടെ ആളുകൾക്കു ഭക്ഷണസാധനങ്ങൾ എത്തിക്കുന്ന ജോലിയിലായിരുന്നു ഞങ്ങൾ ഏറ്റിട്ടിരുന്നതു്. അതിനാൽ അതിശ്രദ്ധയോടും കൃത്യമായും വേല ചെയ്തു വന്നു. ആ യുദ്ധരംഗത്തിൽകൂടി വായിക്കുന്നതിന്നും പഠിക്കുന്നതിന്നും സൌകര്യമുണ്ടായിരുന്നു. ലൈബ്രറി ഏതു കേമ്പിലും ഉണ്ടായിരിക്കും. ഏതു ഭാഷയിലുള്ള പുസ്തകം വേണമെങ്കിലും ലഭിച്ചിരുന്നു. അപ്രകാരം തന്നെ കളിക്കുവാനും കമ്പനിവക സിനമനൃത്തം തുടങ്ങിയവയും. അത്ര പരമാനന്ദകരമായ ഒരു ജീവിതം ഇനി ജീവിതത്തിൽ ഉണ്ടാകുമൊ എന്നു സംശയമാണ്. ഭീരുക്കൾക്കു ഇതെല്ലാം തീരെ വിപരീതത്തിലായിരിക്കും. തിരിഞ്ഞും മറിഞ്ഞും നോക്കുമ്പോൾ അവർ മൃത്യുഗർത്തത്തിലേക്കൊ എന്നു ശങ്കിക്കും."

"രവി, അങ്ങിനെ പറയരുത്. മലയാളികൾ എല്ലാവരും പട്ടാളം എന്നാൽ പുച്ഛരസമുള്ളവരും, അവരുടെ ചരിത്രശ്രവണത്തിൽ നിരുത്സാഹികളുമാണെന്ന് ധരിക്കേണ്ട. തീരെ ഭിന്നാഭിപ്രായക്കാരുമുണ്ട്. അതിൽ ഒരാളാണ് ഞാൻ. അതിനാൽ തുടരു പിന്നീട് എന്തായി?" എനിയ്ക്കയാളുടെ കഥ മുഴുവനും അറിയാൻ ഉൽക്കണ്ഠ വർദ്ധിച്ചു.

"താങ്കൾക്ക് അറിയുന്നതുതന്നെയാണ് സഖ്യശക്തികൾ ദിഗ്ജയാർത്ഥം മുന്നോട്ടു ഗമിച്ചതു്—ഫാസിസ്റ്റുകൾ ഭയാശങ്കകളോടെ പിന്നോട്ടും. അതു് ലോകത്തിന്നെന്നപോലെ ഞങ്ങൾക്കും ഒരനുഗ്രഹമായി. മാത്രമല്ല, മൂന്നു കൊല്ലം തുടർച്ചയായി ഫീൽഡിൽ വേല ചെയ്തതിനാൽ ഞങ്ങൾ ആറു പേർ ലീവിൽ പോരുകയും ചെയ്തു. കൂട്ടത്തിൽ എൻെറ പ്രിയസുഹൃത്തായ ഒരു മറാട്ടിയും. രത്നഗിരിയാണയാളുടെ സ്വദേശം. പേര് കോട്കണി എന്നാണ്. കോട്കണിയുടെ നിർബ്ബന്ധപ്രകാരം നാട്ടിൽവന്ന് ലീവ് അവസാനിക്കുന്നതിന്ന് ഇരുപതു ദിവസംമുമ്പെ രത്നഗിരിക്ക് ഞാൻ തിരിച്ചു. എന്നും ഉണങ്ങാത്ത ഒരു മുറി എൻെറ ഹൃദയത്തിൽ പെടുന്നനിന്നു കാരണവുമായി.

"ഞാനെങ്ങിനെ പറയട്ടെ. (അദ്ദേഹത്തിൻെറ കണ്ണിൽ വെള്ളം നിറഞ്ഞു.)

രത്നഗിരിയിൽ കോട്കണിയുടെ ഗൃഹം കടൽതീരത്തിൽനിന്നു കുറച്ചു ഉൾഭാഗത്തായിരുന്നു സ്ഥിതിചെയ്തിരുന്നതു്. ഗൃഹത്തിന്നു ചുററും തെങ്ങിൻതോട്ടങ്ങളാലും മററു പല ഫലവൃക്ഷങ്ങളാലും മറയപ്പെട്ടിരുന്നു. അടുത്തു വലിയ ഒരു മേടയുണ്ടായിരുന്നതിൻമുകളിൽ നിന്നാൽ രത്നഗിരി കടൽതീരം വ്യക്തമായി കാണുവാൻ സാധിച്ചിരുന്നു. ഞാനും കോട്കണിയും അസ്തമനത്തിന്നു മുമ്പുതന്നെ ആ മേടപ്രദേശത്തു് സ്ഥാനമുറപ്പിക്കുക പതിവാണ്. ചില ദിവസങ്ങളിൽ നഗരത്തിൽ പോകാറുമില്ല.

രത്നഗിരിയിലെ അസ്തമനം! പല ദേശങ്ങളിലെ അസ്തമനവും ഞാൻ കാണുകയുണ്ടായിട്ടുണ്ട്. ഇത്ര മനോഹരവും ഹൃദയാകർഷകവുമായ സൂര്യാസ്തമനം മററവിടെയും ഞാൻ കാണുകയുണ്ടായിട്ടില്ല. കടലിലേക്കു തള്ളിനില്ക്കുന്ന വലിയ കരിങ്കൽമലകൾ, അതിലൊന്നിലുള്ള ശിവജിയുടെ ഒരു പഴയ കോട്ടയും, വളരെ ദൂരത്തുനിന്നുതന്നെ കാണുവാൻ കഴിയുന്നു. ഭവാനി ക്ഷേത്രവും ചന്ദ്രികയിൽ യമുനാതീരവർത്തിയായ ടാജ്മഹാളിനെക്കൂടി വെല്ലുവിളിക്കുകയാണൊ എന്നുകൂടി തോന്നിപ്പോകും. അത്രക്കു മനോഹരമായിരുന്നു പ്രകൃതിദത്തമായ ആ കടലോരം.

ദിവസങ്ങൾ നാലഞ്ചു കഴിഞ്ഞു. ഒരു ദിവസം കോട്കണി എന്നോടു പറഞ്ഞു: 'രവി, ഇന്നു നമുക്കു ഫോർട്ടിൽ പോകാം. അങ്ങിനെ സമുദ്രതീരവർത്തിയായ ഫോർട്ടിലേക്കു അന്നു വൈകുന്നേരംതന്നെ ഞങ്ങൾ തിരിച്ചു. ഫോർട്ട് നില്ക്കുന്ന മലയുടെ മൂന്നു ഭാഗവും സമുദ്രത്താൽ ചുററപ്പെട്ടിരുന്നു എങ്കിലും, അതിൻെറ താഴ്വര തെങ്ങിൻതോട്ടങ്ങളാൽ നിബിഡിതമായിരുന്നു. മാത്രമല്ല, അവിടെ ജനങ്ങൾ തിങ്ങിപ്പാർക്കുന്നതായും മനോഹരമായ ബങ്കളാവുകളാൽ അതിരമ്യമായും ആ താഴ്വര കാണപ്പെട്ടു. അസ്തമനത്തിന്നു മുമ്പുതന്നെ ഞങ്ങൾ ഫോർട്ടിൽ എത്തിക്കഴിഞ്ഞു. അസ്തമനസൂര്യൻെറ ചെങ്കിരണങ്ങൾ തട്ടിയ സമുദ്രതീരത്തെ തെങ്ങിൻപട്ടകൾ മിന്നിത്തിളങ്ങിയിരുന്നു. തള്ളിയലക്കുന്ന കല്ലോലമാലകളാൽ നൃത്തം ചവിട്ടുന്ന സമുദ്രത്തിന്ന് കാററിലുലഞ്ഞുലയുന്ന ഓലകളുടെ മർമ്മരശബ്ദം താളംപിടിച്ചു. ഞാനറിയാതെതന്നെ എൻെറ ഹൃദയം 'മിടി'ക്കുവാൻ തുടങ്ങി. ഞാനങ്ങിനെ ആലോചിച്ചുനിന്നു.

"കുറച്ചു സമയം കഴിഞ്ഞു ഞങ്ങൾ ഫോർട്ട് വിട്ടു താഴെയിറങ്ങി. നിബിഡമായ കേരവൃക്ഷനിരകളിൽകൂടി സമുദ്രതീരത്തേക്കു തിരിച്ചു. പെട്ടെന്നു നയനാനന്ദകരമായ പ്രകൃതിയെക്കാൾ കർണ്ണാനന്ദകരവും അവിചാരിതവുമായ ഗാനധോരണി ഞങ്ങളെ മറെറാരിടത്തേക്കാകർഷിച്ചു. ആ ശ്രുതിമധുരമായ ഗാനത്തെ കുറച്ചിട ശ്രദ്ധിച്ചു. അടുത്ത ബങ്കളാവിന്നടുത്തുനിന്നായിരുന്നു ഗാനം പുറപ്പെട്ടിരുന്നതു്. മേഘപടലത്തിൽ നിന്നൊഴിഞ്ഞു് ചന്ദ്രബിംബം പൂർവ്വാധികം ശോഭിച്ചു. അടുത്ത നിലം പററിപ്പടർന്നുപിടിച്ച ഒരു മാവിൻകൊമ്പിൽ ഞങ്ങൾ നിശ്ശബ്ദം സ്ഥാനമുറപ്പിച്ചു. കാർമേഘപടലത്തിൽനിന്നും വ്യതിരിക്തമായ ചന്ദ്രബിംബത്തെപ്പോലെ ഒരു സുന്ദരി അവിടെയിരുന്നു പാടുന്നതു ഞങ്ങൾ കണ്ടു. ആദ്യത്തിൽ വല്ല വനദേവതയോ മററോ ആയിരിക്കാം എന്നു തന്നെ തോന്നിപ്പോയി."

ഞാൻ ചോദിച്ചു: "രവീ, കുതക്കമെന്നു ധരിക്കരുതു്. ദേവതകളിൽ വിശ്വാസമില്ലാത്ത താങ്കൾ എങ്ങിനെയാണ് വനദേവത എന്നു ധരിച്ചതു്?"

"ചില സമയങ്ങളിൽ അങ്ങിനെ സംഭവിക്കും. കാരണം പ്രകൃതിയിൽനിന്നും വ്യതിരിക്തമായ് എന്തെങ്കിലും കാണുമ്പോൾ മനുഷ്യസാധാരണമാണ് മിത്ഥ്യാബോധവും ഊഹവും.

അടുത്ത പിററെ ദിവസം ഞായറാഴ്ചയായിരുന്നു. കോട്കണി എന്തോ ആവശ്യാർത്ഥം പുറത്തു പോയിരിക്കുകയാണ്. ആയാളുടെ വീട്ടിൽ ഞാൻ ഒരു ചാരുകസേലയിൽ ഒരു പഴയ പത്രം തിരിച്ചും മറിച്ചും നോക്കി ചിന്താമഗ്നനായിരിക്കുകയായിരുന്നു 'സുമം വരുന്നുണ്ട്' എന്ന പത്മിനിയുടെ ശബ്ദത്തെ കേട്ടു ഞാൻ മുന്നോട്ടു നോക്കി. പത്മം പടിക്കലേക്കു ഓടിപ്പോയിരുന്നു. കുറച്ചു കഴിഞ്ഞു മറെറാരു കുട്ടിയോടുകൂടി പത്മം ഞാനിരിക്കുന്ന സ്ഥലത്തു വന്നു. അതെ തലേ ദിവസം രാത്രിയിൽ കണ്ട അതേ കുട്ടിയായിരുന്നു അതു്

പത്മിനി എന്നെ ആ കുട്ടിക്കു പരിചയപ്പെടുത്തി. ഞാൻ പേരെന്താണെന്നു ചോദിച്ചു. അല്പം ലജ്ജയോടെ 'സുമം'. ഞാനൊന്നമ്പരന്നു. സുമം, എൻെറ മനസ്സിൽ ഒരു തീജ്ജ്വാല!

"എനിക്കത്ഭുതം തോന്നി. ഇവിടെ എങ്ങിനെ വന്നു?

കുറച്ചു നേരത്തെ സംഭാഷണത്തിന്നുശേഷം അങ്ങിനെ ഞങ്ങൾ തമ്മിൽ വീണ്ടും പരിചയമായി പിരിഞ്ഞു. ദിവസവും ഞാൻ രത്നഗിരി കടൽതീരത്തു പോകാറുണ്ട്. അവിടെ വെച്ച് സുമയുമായി സമ്മേളിക്കും. ഒരു ദിവസം കോട്കണി പറഞ്ഞു: മററന്നാൾ സുമത്തിൻെറ വിവാഹമാണെന്ന്. ഞാനൊന്നു ഞെട്ടി. അന്നു വൈകുന്നേരം എനിക്കു സുമത്തിൻെറ ഒരു കത്തുണ്ടായിരുന്നു. "ഇന്നു വൈകുന്നേരം ഏകാകിയായി പത്തു മണിക്കു ഭവാനി ക്ഷേത്രത്തിൽ കാണണമെന്ന്." അതുപ്രകാരം ഞാനവിടെ പോയി. പ്രസ്തുത സ്ഥലത്തു സുമം ഉണ്ടായിരുന്നു. കുറച്ചു സമയത്തിന്ന് ഞങ്ങൾ രണ്ടു പേരും ഒന്നും മിണ്ടിയില്ല. സുമം എൻെറ അടുത്തു വന്നു. "കുറച്ചു ദിവസങ്ങളായി ഞാൻ അങ്ങയിൽനിന്ന് മറച്ചുവെച്ചിരിക്കുകയാണ്" അവൾ പറഞ്ഞു. "ഞാൻ അങ്ങയെ സ്നേഹിക്കുന്നു." ഞാനൊന്നു അമ്പരന്നു. അതിന്നിടയിൽ സുമം രണ്ടു കൈകളും ചുമലിൽവെച്ചു എൻെറ മുഖത്തേക്കു നോക്കി. അവൾ ചന്ദ്രികയെ നോക്കി പാടുവാൻ തുടങ്ങി. (ബാഹുരാ...... പ്രീതിചാരെ......)

അതെ ആ ഗാനം ആദ്യത്തേതും അവസാനത്തേതുമായിരിക്കുമെന്ന് ഞാൻ വിചാരിച്ചിരുന്നില്ല. പിന്നീടു വിവാഹത്തെപ്പററി ഞാൻ ചോദിച്ചു. "അതെ, അതു ശരിതന്നെയാണ്. പക്ഷെ ഞാൻ അതിന്നു സമ്മതിച്ചിട്ടില്ല. അവർ തീർച്ചയാക്കി അത്രെ ഉള്ളു." അവൾ പറഞ്ഞു പിന്നിടു ഒന്നും കുറച്ചു നേരത്തിന്നു ആരും സംസാരിച്ചില്ല...... അങ്ങിനെ ഞങ്ങൾ തമ്മിൽ പിരിഞ്ഞു.

പിറെറ ദിവസം സമയം ഒരു പത്തു മണിയായിരിക്കും. കോട്കണി ദുഃഖഭാവത്തോടെ എന്നെ വന്നു വിളിച്ചു. ഞാൻ അപ്പോഴും ചാരുകസേലയിൽ ചിന്താമഗ്നനായിരിക്കുകയാണ്. കോട്കണി ഒരേ ശ്വാസത്തിൽ "സുമം മരിച്ചു" എന്നു പറഞ്ഞുതീർത്തു. അദ്ദേഹത്തിൻെറ കണ്ണിൽ വെള്ളം നിറഞ്ഞു. ഒന്നു ഞെട്ടിയെഴുന്നേററു വീണ്ടും അവിടെത്തന്നെയിരുന്നു. എത്രനേരം അങ്ങിനെയിരുന്നു എന്ന് എനിക്കറിയില്ല.

ഞാൻ ചോദിച്ചു: എങ്ങിനെയാണ് മരിച്ചതു്?

"അതാക്കറിയും. ചേല കെട്ടി മരിച്ചതാണെന്നാണ് പറയുന്നതു്. പല ഊഹങ്ങളുമുണ്ട്. മറെറാരു ഊഹം വിവാഹത്തിന്നു തടസ്ഥം പറഞ്ഞപ്പോൾ വീട്ടുകാർ സുമത്തെ അടിച്ചു എന്നും അടി കൊണ്ടു മരിച്ചപ്പോൾ കെട്ടിത്തൂക്കിയതാണെന്നും. സഖെ ആ ഗാനം... "

"എനി എന്തിന്ന് താങ്കളതിനെപ്പററി വിചാരിക്കുന്നു." ഞാൻ ചോദിച്ചു.

"അതോ, സ്ത്രീകൾ നിഷ്കളങ്കകളും സരളഹൃദയകളുമാണ്. അവരെ പുരുഷന്മാർ ചീത്തയാക്കുന്നു. അവരെ ദുരിതപൂരിതമായ ജീവിതത്തിലേക്കാനയിക്കുന്നു. അതിനാൽ ആ ബന്ധത്തിൽനിന്ന് വിട്ടുപിരിയുന്നതല്ലെ നല്ലതു്, അല്ലെങ്കിൽ."


"അല്ലെങ്കിൽ എന്താ? അതൊക്കെ വിചാരിച്ചാൽ ഭൂമിയിൽ ജീവിച്ചിരിക്കാൻ........"

ആയാൾ എൻെറ കുതക്കങ്ങൾ കേട്ടുവോ? ആവോ! രവി ഒരു കുട്ടിയെപ്പോലെ പൊട്ടിക്കരഞ്ഞു തുടങ്ങി.

ഓ! പ്രേമത്തിൻെറ പ്രേതബാധയുംകൂടെ മനുഷ്യനെ നട്ടംതിരിക്കുന്നു:—




നാസികൾ തടവുകാരാക്കപ്പെട്ടിരുന്ന ഇന്ത്യൻ തടവുകാർ. അവർ ലണ്ടനിൽ വന്ന അവസരത്തിൽ രാജ്ഞി അവരോടു വിശേഷങ്ങൾ ചോദിക്കുന്നു





ബോർണിയോവിൽ ആസ്ട്രേലിയൻ പടകളും അമേരിക്കൻ പടകളും ഇറങ്ങി വളരെ വിജയങ്ങൾ സാധിച്ചിരിക്കുന്നു



ഒരു ആഫ്രിക്കക്കാരൻ മേധാവി—ആയാളുടെ ആഭരണങ്ങളെല്ലാം സ്വർണ്ണമാണ്.




ജനറൽ സ്മട്ട്സ്—സാൻഫ്രാൻസിസ്കോവിലേയ്ക്കു പോയ ദക്ഷിണാഫ്രിക്കൻ പ്രതിനിധിസംഘത്തിന്റെ തലവൻ;




സ്വതന്ത്രമായ റംഗൂണിൽ

PRINTED BY THE SUPERINTENDENT, GOVERNMENT PRESS AND PUBLISHED BY THE DIRECTOR OF WAR PUBLICITY, "VICTORY HOUSE", MOUNT ROAD, MADRAS.